# കുറിപ്പ്

ദേശീയ ഭക്ഷ്യ ഭദ്രത നിയമം – 2013 നെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ കെ.ആർ.ഒയുടെ (കരട്) ഇംഗ്ലീഷ് പതിപ്പിന്റെ മലയാള വിവർത്തനം ആണ് ചുവടെ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ടി പകർപ്പ് നിർദേശങ്ങളും / അഭിപ്രായങ്ങളും സമർപ്പിക്കുന്നതിനു വേണ്ടി മാത്രം തയ്യാറാക്കിയിട്ടുള്ളതാണ്. ടി പകർപ്പ് അന്തിമം അല്ലെന്നുള്ള വിവരവും അറിയിക്കുന്നു.

കെ.ആർ.ഒയുടെ അന്തിമ ഉത്തരവ് തയ്യാറാക്കുന്നത് ഇംഗ്ലീഷിലുള്ള പകർപ്പിനെ അടിസ്ഥാനപ്പെടുത്തിയായിരിക്കും.

**ഒപ്പ്/-**
**സിവിൽ സപ്ലൈസ് ഡയറക്ടർ**

**കേരള സർക്കാർ**
**ഭക്ഷ്യപൊതുവിതരണ (ബി) വകുപ്പ്**
**വിജ്ഞാപനം**
**സർക്കാർ ഉത്തരവ് അച്ചടി നം. 2019/F&CSD തീയതി**

അവശ്യ സാധന നിയമം 1955 (സെൻട്രൽ ആക്ട് 1955-ലെ 10) സെക്ഷൻ 3-ൽ സബ്സെക്ഷൻ 1 ഉം 2 ഉം അതോടൊപ്പം 2015-ൽ ഭാരത സർക്കാരിന്റെ ഉപഭോക്തൃകാര്യ ഭക്ഷ്യപൊതുവിതരണ വകുപ്പ് 2015 മാർച്ച് 20-ലെ ഇന്ത്യ എക്സ്ട്രാഓർഡിനറി ഗസറ്റ് ഭാഗം 2 സെക്ഷൻ 3 സബ്സെക്ഷൻ (ഐ) ജി.എസ്. ആർ. 213 (ഇ) പ്രകാരം പ്രസിദ്ധീകരിച്ച ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ ഖണ്ഡം 9 ഉം പ്രകാരവും കൽപിച്ച നൽകിയ അധികാരമുപയോഗിച്ച് 1966 -ലെ കേരള റേഷനിംഗ് ഓർഡർ അസാധു ആക്കിക്കൊണ്ടും അസാധു ആക്കുന്നതിന് മുൻപ് ചെയ്യേണ്ടതും അല്ലെങ്കിൽ ചെയ്യുന്നതിൽ നിന്ന് ഒഴിവാക്കേണ്ടതും ആയ കാര്യങ്ങൾ കണക്കിലെടുക്കേണ്ടതും അന്യഥാ ആകുന്ന പക്ഷം സംസ്ഥാന സർക്കാർ താഴെ പറയുന്ന ഓർഡർ നിർമിക്കുന്നു. എന്തെന്നാൽ:

1. **ചുരുക്കപ്പേരും വ്യാപ്തിയും ആരംഭവും:-**

i. ഈ ഉത്തരവ് കേരള ഭക്ഷ്യാധിഷ്ഠിത പൊതുവിതരണ സമ്പ്രദായം (നിയന്ത്രിതം) ഉത്തരവ് 2019 എന്ന് പേർ പറയാം.
ii. ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നു.
iii. ഇത് ഗസറ്റ് വിജ്ഞാപനം മൂലം സർക്കാർ നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. **നിർവചനങ്ങൾ**

1. ഈ ഉത്തരവിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം

a) **"ആക്ട്"** എന്നാൽ 1995 ലെ അവശ്യ സാധന നിയമം 1955 (കേന്ദ്ര ആക്ട് 10-1995)
b) **"കമ്മീഷണർ"** എന്നാൽ സിവിൽ സപ്ലൈസ് കമ്മീഷണറും സിവിൽ സപ്ലൈസ് ഡയറക്ടറും എന്ന് അർത്ഥം ആകുന്നു.
c) **"കൺട്രോളർ"** എന്നാൽ റേഷനിംഗ് കൺട്രോളർ എന്നർത്ഥമാകുന്നു.
d) **"ഡയറക്ടർ"** എന്നാൽ സിവിൽ സപ്ലൈസ് ഡയറക്ടർ എന്നർത്ഥമാകുന്നു.
e) **"ജില്ലാ കളക്ടർ"** എന്നാൽ ഒരു റവന്യൂ ജില്ലയുടെ കളക്ടറും ജില്ലാ മജിസ്ട്രേറ്റും എന്ന് അർത്ഥമാകുന്നു.
f) **"ജില്ലാ സപ്ലൈ ഓഫീസർ"** എന്നാൽ സർക്കാർ ഓരോ ജില്ലക്കും വേണ്ടി നിയമിച്ച ആഫീസർ എന്നർത്ഥമാകുന്നു.
g) **"റേഷൻ കടയുടെ ഉടമസ്ഥൻ"** എന്നാൽ ഒരു വ്യക്തി അല്ലെങ്കിൽ ഒരു സഹകരണ സംഘം, അല്ലെങ്കിൽ ഒരു കോർപ്പറേറ്റ് സ്ഥാപനം അല്ലെങ്കിൽ ഒരു സർക്കാർ കമ്പനി അല്ലെങ്കിൽ ഒരു ഗ്രാമപഞ്ചായത്ത് അല്ലെങ്കിൽ ഏതെങ്കിലും ഒരു സ്ഥാനം ലക്ഷ്യധിഷ്ഠിത പൊതുവിതരണ സമ്പ്രദായത്തിൻ കീഴിൽ അവശ്യസാധനങ്ങൾ വിതരണം ചെയ്യാൻ ലൈസൻസ് വച്ചിട്ടുള്ളത് എന്നർത്ഥമാകുന്നു.
h) **"ഭക്ഷ്യ സുരക്ഷ ആക്ട്"** എന്നാൽ ദേശീയ ഭക്ഷ്യ സുരക്ഷാ ആക്ട് 2013 (2013 ലെ സെൻട്രൽ ആക്ട് 20 ) എന്നർത്ഥമാകുന്നു.

i) **"ഗോഡൗൺ"** റേഷൻ കടകളിലേക്കും മറ്റു സ്ഥാപനങ്ങളിലേക്കും വിതരണം ചെയ്യുന്നതിനുള്ള ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്നതിനുള്ള പണ്ടകശാലകളായി കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുള്ള ഡിപ്പോകൾ എന്നർത്ഥമാകുന്നു.
j) **"ഗവൺമെന്റ്"** എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു.
k) **"വീട്ടുസാമാനങ്ങൾ"** എന്നാൽ നിയമത്തിൽ വ്യാഖ്യാനിച്ചിട്ടുണ്ട്.
l) **"ഇന്റർമീഡിയറ്റ് ഗോഡൗൺ"** – എന്നാൽ കേന്ദ്ര സർക്കാർ ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സമ്പ്രദായം നടപ്പിലാക്കുന്നതിനായി അനുവദിക്കുന്ന ഭക്ഷ്യ ധാന്യങ്ങൾ റേഷൻ കടകളിലേക്ക് കൊണ്ടുപോകുന്നതിന് വേണ്ടി സൂക്ഷിക്കുന്നതിനുള്ള ഇടത്താവളമായി സംസ്ഥാന സർക്കാർ സ്ഥാപിച്ചിട്ടുള്ള ഡിപ്പോ എന്ന് അർത്ഥമാകുന്നു.
m) **"ലൈസൻസ്ഡ് പ്രിമൈസസ്"** – എന്നാൽ വിതരണത്തിനുള്ള ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്ന റേഷൻ കടകളായി ഉപയോഗിക്കുന്ന കെട്ടിടമോ കെട്ടിട ഭാഗമോ എന്നർത്ഥമാകുന്നു.
n) **"ലോക്കൽ അതോറിറ്റി"** – എന്നാൽ ഒരു നിശ്ചിത വിസ്തീർണ്ണത്തിലുള്ള ഭരണ ഘടനയാലോ മറ്റേതെങ്കിലും നിയമത്താലോ അംഗീകരിക്കപ്പെട്ടിട്ടുള്ള സ്വയംഭരണമുള്ള പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിങ്ങനെ വിളിക്കപ്പെടുന്ന ഏരിയ എന്നർത്ഥമാകുന്നു.
o) **"റേഷനിംഗ് ഇൻസ്പെക്ടർ"** – എന്നാൽ കമ്മീഷണർ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു.
p) **"റേഷനിംഗ് ഏരിയ"** എന്നാൽ ഉത്തരവ് ബാധകമായ സ്ഥലം എന്നർത്ഥം.
q) **"റേഷനിംഗ് ഏരിയ ഓഫ് ആൻ ഓഫീസർ"** എന്നാൽ ആ ഉദ്യോഗസ്ഥന്റെ അധികാര പരിധിക്കുള്ളിലുള്ള സ്ഥലം എന്നർത്ഥമാകുന്നു.
r) **"നിയമങ്ങൾ"** – എന്നാൽ കേരള ഭക്ഷ്യ സുരക്ഷാ നിയമം 2018 എന്നർത്ഥമാകുന്നു.
s) **"സ്റ്റേറ്റ്"** – എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു.
t) **"താലൂക്ക് സപ്ലൈ ആഫീസർ"** – എന്നാൽ കമ്മീഷണറാൽ നിയമിതനായ ഏത് ഉദ്യോഗസ്ഥനും അതുപോലെ സിറ്റി റേഷനിംഗ് ആഫീസർ എന്നും അർത്ഥമാകുന്നു.

ഈ ഉത്തരവിൽ വാക്കുകളും വ്യവസ്ഥകളും നിർവ്വഹിച്ചിട്ടില്ലെങ്കിലും അവക്ക് ഭക്ഷ്യ സുരക്ഷാ ആക്ടിലും മറ്റു വിവിധ കേന്ദ്ര നിയമങ്ങളിലും നിർവ്വചനം ഉള്ളതാകുന്നു.

## അധ്യായം 2

## റേഷൻ കാർഡുകൾ

3. റേഷൻ കാർഡുകൾ

1) സർക്കാർ ചുവടെ ചേർക്കുന്ന വിഭാഗങ്ങൾക്കായി റേഷൻ കാർഡ് അനുവദിക്കുന്നു.
i. അർഹതയുള്ള ഗുണഭോക്താക്കളായിട്ടുള്ളവരിൽ
a) കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങൾ പ്രകാരം അന്ത്യോദയ അന്നയോജന പദ്ധതിക്ക് അർഹരായ ഗുണഭോക്താക്കൾ
b) സംസ്ഥാന സർക്കാരിന്റെ മാനദണ്ഡങ്ങൾ പ്രകാരം മുൻഗണനാർഹരായിട്ടുള്ള ഗുണഭോക്താക്കൾ
ii. സാധാരണ /മുൻഗണനേതര ഉപഭോക്താക്കളായിട്ടുള്ളവരിൽ
a) സംസ്ഥാന സർക്കാരിന്റെ മാനദണ്ഡങ്ങൾ പ്രകാരം മുൻഗണേതരമായി കണക്കാക്കുന്നതും എന്നാൽ സബ്സിഡിക്ക് അർഹതയുള്ളവരുമായ ഗുണഭോക്താക്കൾ

b) മുൻഗണേതര (സബ്സിഡി) രഹിത ഗുണഭോക്താക്കൾ

2) ചുവടെ ചേർക്കുന്ന തരത്തിലുള്ള വിവിധ നിറങ്ങളായിരിക്കും വിവിധ വിഭാഗങ്ങളിലുള്ള ഗുണഭോക്താക്കൾക്ക്

a) അന്ത്യോദയ അന്നയോജന ഗുണഭോക്താക്കൾ – മഞ്ഞ

b) മുൻഗണനാ ഗുണഭോക്താക്കൾ – പിങ്ക്

c) മുൻഗണനേതര സബ്സിഡി – നീല

d) മുൻഗണനേതര (സബ്സിഡി രഹിതം) – വെള്ള

3) സംസ്ഥാന മുൻഗണനാ ഉപഭോക്താക്കൾ (State Priority) :–

മുൻഗണനേതര സബ്സിഡി / സബ്സിഡി രഹിത ഗുണഭോക്താക്കൾക്കായുള്ള റേഷൻ കാർഡുകളിൽ ഉള്ള അംഗങ്ങളിൽ ഏതെങ്കിലും അംഗമോ/അംഗങ്ങളോ ചട്ടം 7 (റൂൾ) ൽ ഉൾക്കൊള്ളിച്ചിട്ടുള്ള നിർദ്ദിഷ്ട രോഗങ്ങൾ ഉള്ളവരാണെങ്കിൽ അത്തരം ഗുണഭോക്താക്കളെ സംസ്ഥാന പ്രയോറിറ്റി ഉപഭോക്താക്കളായി കണക്കാക്കി മുൻഗണനാ ഉപഭോക്താക്കൾക്ക് കിട്ടുന്ന ചികിത്സ ആനുകൂല്യത്തിന് അർഹത നൽകേണ്ടതാകുന്നു. അത്തരത്തിലുള്ള റേഷൻ കാർഡിൽ വേണ്ട രേഖപ്പെടുത്തലുകൾ നടത്തേണ്ടതും സർക്കാർ നിശ്ചയിക്കുന്ന ആനുകൂല്യങ്ങൾ സമയാസമയം നൽകേണ്ടതുമാകുന്നു.

4) റേഷൻ കാർഡിൽ അതിന്റെ നമ്പർ, ഗുണഭോക്താവിന്റെ വിലാസം, പേര്, വയസ്, കാർഡ് ഉടമയുടെ മാസവരുമാനം, കാർഡിലെ മറ്റംഗങ്ങൾക്ക് കാർഡ് ഉടമയുമായുള്ള ബന്ധം, റേഷൻ കാർഡ് രജിസ്റ്റർ ചെയ്തിട്ടുള്ള റേഷൻ കടയുടെ നമ്പർ കൂടാതെ സംസ്ഥാന സർക്കാരും, കമ്മീഷണറും നിശ്ചയിച്ചിട്ടുള്ള വിവരങ്ങൾ എന്നിവ ഉണ്ടാകേണ്ടതാകുന്നു.

5) കേന്ദ്ര സംസ്ഥാന സർക്കാരോ ഭക്ഷ്യസുരക്ഷാ ആക്ടിന്റെ ഭാഗമായോ ഭക്ഷ്യധാന്യങ്ങൾക്ക് അർഹതയുള്ള സ്ഥാപനങ്ങൾക്ക് പ്രത്യേക പെർമിറ്റ് അനുവദിച്ച് നൽകേണ്ടതാകുന്നു.

**4. റേഷൻ കാർഡിനുള്ള അർഹത**

ഉത്തരവിൻ പ്രകാരം അർഹതയുടെ വിഭാഗം റേഷൻ കാർഡിൽ അംഗമാകുന്നതിനുള്ള വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

i. വ്യക്തി ഇന്ത്യൻ പൗരനായിരിക്കണം.

ii. വ്യക്തി കേരള സംസ്ഥാനത്തെ താമസക്കാരനായിരിക്കും.

iii. കൂടെ സർക്കാരോ കമ്മീഷണറോ, സമയാ സമയങ്ങളിൽ നിശ്ചയിക്കുന്ന വ്യവസ്ഥകൾ പ്രകാരം.

കേന്ദ്ര സർക്കാരിന്റെ മാനുഷിക പരിഗണനാ പ്രകാരം അഭയാർത്ഥികളായി കണക്കാക്കപ്പെട്ടവർക്കും റേഷൻ കാർഡിന് അർഹതയുണ്ട്.

ഒരു തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അധികാരപരിധിയ്ക്കകത്തുള്ള റേഷനിംഗ് ഏരിയയിൽ താമസമാണെന്ന വ്യക്തമായ രേഖകൾ ഇല്ലാത്തവർക്ക് ടി റേഷനിംഗ് ഏരിയയിലെ താമസക്കാരനാണെന്ന് തദ്ദേശസ്വയംഭരണ സെക്രട്ടറിയുടെ സാക്ഷ്യപത്രം ഉള്ള പക്ഷം റേഷൻ കാർഡിന് അർഹതയുണ്ടായിരിക്കുന്നതാണ്.

കൂടാതെ സ്വന്തമായി വീട് ഇല്ലാത്തവർക്കും തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിയുടെ സാക്ഷ്യപത്രം ലഭ്യമാക്കുന്ന പക്ഷം റേഷൻ കാർഡിന് അർഹതയുണ്ടായിരിക്കുന്നതായിരിക്കും.

**5. താലൂക്ക് സപ്ലൈ ആഫീസറായിരിക്കും അധികാരി**

(1) ഒരു റേഷനിംഗ് ഏരിയയിൽ റേഷൻ കാർഡിനുള്ള അപേക്ഷ സ്വീകരിക്കുന്നതിനും, രജിസ്റ്റർ ചെയ്യുന്നതിനും ആയത് നിർമ്മിക്കുന്നതിനും ഭേദഗതി വരുത്തുന്നതിനും

അനുവദിക്കുന്നതിനുമുള്ള അധികാരം താലൂക്ക് സപ്ലൈ ആഫീസറിൽ നിക്ഷിപ്തമായിരിക്കും.

(2) സ്വീകരിച്ച അപേക്ഷയിന്മേൽ വേണ്ട അന്വേഷണം നടത്തി ആവശ്യമായ ഭേദഗതി വരുത്തി വിതരണം നടത്തേണ്ടതാകുന്നു.

6) **റേഷൻ കാർഡിനുള്ള അപേക്ഷകളും റേഷൻ കാർഡുമായി ബന്ധപ്പെട്ട മറ്റ് സേവനങ്ങളും**

(1) പുതിയ റേഷൻ കാർഡിനും നിലവിലുള്ള റേഷൻ കാർഡിൽ ഭേദഗതികൾ വരുത്തുന്നതിനും മറ്റു റേഷൻ കാർഡ് സംബന്ധമായ സേവനങ്ങളും റേഷൻകാർഡ് ഉടമ ഫോട്ടോ ഉൾപ്പെടെ ബന്ധപ്പെട്ട റേഷനിംഗ് ഏരിയയിലെ താലൂക്ക് സപ്ലൈ ആഫീസർക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

(2) പുതിയതായി റേഷൻ കാർഡ് ലഭിക്കുന്നതിന് തന്റെ പേര് ഉൾപ്പെട്ട ഒരു കാർഡ് സംസ്ഥാനത്തിനകത്തോ സംസ്ഥാനത്തിന് പുറത്തോ ഇല്ലെന്നുള്ള സാക്ഷ്യപത്രം ഹാജരാക്കേണ്ടതാകുന്നു.

(3) റേഷൻ കാർഡിലുള്ള ഭേദഗതികൾ ആവശ്യമായി വരുന്നത് താമസം മാറൽ, ജനനം, മരണം ഉണഭോക്താവിന്റെ തരം മാറ്റൽ, മറ്റ് തിരുത്തലുകൾ എന്നിവയാണ് സാധാരണയായി കാണുന്നത്.

(4) ഒരു റേഷൻ കാർഡ് ഒരു റേഷനിംഗ് ഏരിയയിൽ നിന്ന് മറ്റൊരു റേഷനിംഗ് ഏരിയയിലേക്ക് മാറ്റുന്നതിന് റേഷൻ കാർഡിന്റെ ഉടമസ്ഥ പുതിയതായി വേണ്ട റേഷനിംഗ് ഏരിയയിലെ ആഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(5) റേഷൻ കാർഡിൽ പുതിയ അംഗത്തെ ചേർക്കുന്നതിന് റേഷൻ കാർഡുടമ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ആഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാകുന്നു.

(6) ഇനി ഒരു റേഷൻ കാർഡ്, നഷ്ടപ്പെട്ടുപോവുകയോ മറ്റേതെങ്കിലും വിധത്തിൽ നശിക്കുകയോ ചെയ്താൽ കാർഡുടമസ്ഥൻ സ്വയം സാക്ഷ്യപത്രത്തോടൊപ്പം അതാത് താലൂക്ക് സപ്ലൈ ആഫീസർക്ക് അപേക്ഷ സമർപ്പിക്കണം. താലൂക്ക് സപ്ലൈ ആഫീസർ വേണ്ടത്ര അന്വേഷണം നടത്തിയ ശേഷം അപ്പപ്പോൾ സർക്കാർ നിശ്ചയിക്കുന്ന തുക വിലയായി വാങ്ങി ഡ്യൂപ്ലിക്കേറ്റ് റേഷൻ കാർഡ് അനുവദിക്കേണ്ടതുമാകുന്നു.

തുടർന്ന് പഴയ റേഷൻ കാർഡ് തിരികെ കിട്ടുന്ന പക്ഷം ഡ്യൂപ്ലിക്കേറ്റ് റേഷൻ കാർഡ് താലൂക്ക് സപ്ലൈ ആഫീസർക്ക് തിരികെ നൽകേണ്ടത്.

(7) ഒരു റേഷൻ കാർഡ് വിതരണം ചെയ്യുന്നതിന് മുൻപ് കാർഡിലുൾപ്പെട്ട ഒരു പ്രായപൂർത്തിയായ അംഗത്തിന്റെ ഒപ്പോ വിരലടയാളമോ രജിസ്റ്ററിൽ പതിച്ച് മതിയായ ഫീസ് കൈപ്പറ്റിയിട്ടുള്ളതായി ബന്ധപ്പെട്ട ഓഫീസർ ഉറപ്പു വരുത്തേണ്ടതാണ്.

(8) ഒരു റേഷൻ കടയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള റേഷൻ കാർഡ് മറ്റൊരു റേഷൻ കടയിലേയ്ക്ക് മാറ്റുന്നതിന് കാർഡുടമയുടെ അപേക്ഷയിൻമേലോ ഭരണ സൗകര്യത്തിനായോ താലൂക്ക് സപ്ലൈ ആഫീസർക്ക് നടപടി സ്വീകരിക്കാവുന്നതാണ്.

(9) റേഷൻ കാർഡിനുള്ള അപേക്ഷയും ആയതുമായി ബന്ധപ്പെട്ട സേവനങ്ങളും ഓൺലൈനായി നടത്തണമെന്ന് സിവിൽ സപ്ലൈസ് കമ്മീഷണറിൽ നിന്ന് അറിയിപ്പുണ്ടാകുന്ന പക്ഷം അത്തരത്തിൽ മാത്രമേ നടത്തുകയുള്ളൂ.

7) **റേഷൻ കാർഡ് വിതരണം ചെയ്യുന്നതിനുള്ള സമയക്രമം** – 2013 ജനുവരി 22 ന് കേരള സംസ്ഥാന സേവനാവകാശ നിയമം ജനുവരി 2013 ന്റെ ഭാഗമായി പുറപ്പെടുവിച്ച ഗസറ്റ് നോട്ടിഫിക്കേഷൻ നമ്പർ 4 ന് വിധേയമായി ആവശ്യമായ പരിസോധനകൾക്ക് RCMS

ൽ വിവരങ്ങൾ കാലികമാക്കി താലൂക്ക് സപ്ലൈ ആഫീസർ റേഷൻ കാർഡ് വിതരണം ചെയ്യേണ്ടതാകുന്നു.

8) **റേഷൻ കാർഡ് ഉടമസ്ഥർക്ക് അർഹമായ ഭക്ഷ്യധാന്യങ്ങളുടെ കൈപ്പറ്റൽ** – റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുള്ള ഏതംഗത്തിനും EPOS യന്ത്രത്താലോ മറ്റേതെങ്കിലും തിരിച്ചറിയൽ മാർഗ്ഗങ്ങളാലോ ഐഡന്റിറ്റി വ്യക്തമാക്കിയ ശേഷം സർക്കാർ നിശ്ചയിച്ചിട്ടുള്ള വില നൽകി ആ കാർഡിന് അർഹതപ്പെട്ട റേഷൻ ഭക്ഷ്യധാന്യങ്ങൾ കൈപ്പറ്റാവുന്നതാണ്.

റേഷൻ കാർഡ് ഉടമ കിടപ്പിലായവരോ 65 വയസ്സിനു മുകളിൽ പ്രായമുള്ളവരോ ഭിന്നശേഷിക്കാരോ അല്ലെങ്കിൽ മറ്റൊരുതരത്തിൽ റേഷൻ കട സന്ദർശിക്കാൻ കഴിയാത്തവരോ ആണെങ്കിൽ ടി കാർഡിൽ 16 നും 65 നും ഇടയിൽ പ്രായമുള്ള മറ്റൊരു അംഗം ഇല്ലാതെവരുകിൽ ടി റേഷൻ കാർഡി ഉടമക്ക് അതേ റേഷൻ കടയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മറ്റൊരു കാർഡിലെ അംഗത്തെ റേഷൻസാധനങ്ങൾ കൈപ്പറ്റാൻ പ്രോക്സി ആയി ചുവടെ ചേർക്കുന്ന നിബന്ധനങ്ങൾ പാലിച്ച് നിയമിക്കാവുന്നതാണ്.

i. പ്രോക്സിയായി നാമനിർദ്ദേശം ചെയ്യുന്ന വ്യക്തി അതേ റേഷൻ കടയിലെ അംഗമായിരിക്കുന്നു.

ii. ശരിയായ നിയമ സാധൂകരണത്തിനുശേഷം മാത്രം ഭക്ഷ്യധാന്യം വിതരണം ചെയ്യേണ്ടതാണ്.

iii. ഒരു റേഷൻ കടയുടമയോ അദ്ദേഹത്തിന്റെ കുടുംബത്തിനോ ഏജന്റിനോ പ്രോക്സി ആകാൻ അനുവദിക്കുന്നതല്ല.

(2) റേഷൻ കാർഡ് ഹാജരാക്കുമ്പോൾ മാത്രമേ കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ ലഭ്യമാക്കാൻ പാടുള്ളൂ.

(3) ഒരു റേഷൻ കടയിലുൾപ്പെട്ട അംഗ് കേരളത്തിൽ സ്ഥിരതാമസമല്ലെങ്കിൽ റേഷൻ വിഹിതത്തിന് അർഹതയുണ്ടാകുന്നതല്ല.

9) **പോർട്ടബിലിറ്റി**

(1) കമ്മീഷണർ, ജില്ലാ കളക്ടർ, റേഷനിംഗ് കൺട്രോളർ, ജില്ലാ സപ്ലൈ ആഫീസർ, താലൂക്ക് സപ്ലൈ ആഫീസർ ഇവരിലാരുടെയെങ്കിലും ഉത്തരവു പ്രകാരം കാർഡുടമയ്ക്കും നിർദ്ദേശിക്കപ്പെട്ട റേഷൻ കടയിൽ നിന്നും റേഷൻ വിഹിതം വാങ്ങാവുന്നതാകുന്നു.

(2) സർക്കാരോ കമ്മീഷണറോ ഉത്തരവ് നൽകുന്ന പക്ഷം ആധാർ വിവരങ്ങൾ RCMS വിവരങ്ങൾ എന്നിവ പ്രകാരം തിരിച്ചറിയിക്കപ്പെട്ട വ്യക്തിക്ക് സംസ്ഥാനത്തെ ഏത് റേഷൻ കടയിൽ നിന്നും OTP ക്ക് വിധേയമായി റേഷൻ സഹിതം വാങ്ങാവുന്നതാണ്.

10) **റേഷൻ കാർഡുടമകളുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും** – റേഷൻ കാർഡുടമകളുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും ചുവടെ ചേർക്കുന്നതാകുന്നു.

i. തെറ്റായ രേഖകൾ/വിവരങ്ങൾ നൽകി ഒരു വ്യക്തിയും റേഷൻ കാർഡ് കരസ്ഥമാക്കാൻ പാടുള്ളതല്ല.

ii. ഒരാൾക്ക് അറിഞ്ഞോ അറിയാതെയോ രണ്ട് റേഷൻ കാർഡിൽ അംഗമായിപ്പോയിട്ടുണ്ടെങ്കിൽ ആയ് ഉടൻ തന്നെ തന്റെ റേഷനിംഗ് ഏരിയയിലുള്ള താലൂക്ക് സപ്ലൈ ആഫീസറെ വിവരം ബോധ്യപ്പെടുത്തേണ്ടതാകുന്നു.

iii. ഒരു വ്യക്തിയും മനപൂർവ്വമായി റേഷൻ കാർഡിലെ വിവരങ്ങൾ നശിപ്പിക്കാനോ, മാറ്റം വരുത്താനോ പാടുള്ളതല്ല. വേറെയൊരു വ്യക്തി റേഷൻ കാർഡിന്റെ കാലാവധിയിലോ, അർഹമായ റേഷൻ വിഹിതത്തിന്റെ അളവിലോ വ്യത്യാസം ഉണ്ടാകത്ത വണ്ണെ ഏതെങ്കിലും വിധത്തിൽ മാറ്റം വരുത്തിയാൽ റേഷൻ കാർഡുടമ വാസ്തവം ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ആഫീസറെ അറിയിക്കാവുന്നതാണ്.

വിശദീകരണം – ഇലക്ട്രോണിക് ഉപകരണങ്ങൾ മാറ്റം വരുത്തുന്നതും ഈ പദത്തിൽ വ്യാഖ്യാനിക്കാവുന്നതാണ്.

iv. ഒരു റേഷൻ കാർഡിൽ അംഗമായ വ്യക്തിക്ക് അയാൾ അംഗമല്ലാത്ത റേഷൻ കാർഡ് കൈവശം വയ്ക്കാനോ ഉപയോഗിക്കാനോ അവകാശമില്ല.

v. ഈ ഉത്തരവിൻപ്രകാരമല്ലാതെയുള്ള റേഷൻ കാർഡ് ഏതെങ്കിലും വ്യക്തി കൈവശം വച്ചിട്ടുണ്ടെങ്കിൽ ടി റേഷൻ കാർഡ് തൊട്ടടുത്ത താലൂക്ക് സപ്ലൈ ആഫീസിലെ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന് കൈമാറേണ്ടതാകുന്നു.

vi. റേഷൻ കാർഡ് ഉടമ തന്റെ റേഷൻ കാർഡ് കൈമാറ്റം ചെയ്യുകയോ പണയം വയ്ക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

vii. നിയമ വിരുദ്ധമായി റേഷൻ വിഹിതം വാങ്ങുന്നതിന് റേഷൻ കാർഡുടമ റേഷൻ കാർഡിൽ മാറ്റങ്ങൾ വരുത്താൻ പാടില്ലാത്തതാകുന്നു.

viii. ഈ ഉത്തരവു പ്രകാരം വിതരണം ചെയ്ത ഏതൊരു റേഷൻ കാർഡും സർക്കാർ വകയായിരിക്കും, എന്നാൽ കാർഡ് കൈവശം വയ്ക്കുന്ന കാർഡുടമയായിരിക്കും കാർഡിൻമേലുള്ള ഉത്തരവാദിത്തം.

ix. ഒരു റേഷൻകാർഡിലുള്ള അംഗമോ, റേഷൻ കാർഡുടമയോ മരണപ്പെട്ടാൽ ആ റേഷൻ കാർഡിലെ മുതിർന്ന അടുത്ത അംഗം, അല്ലെങ്കിൽ പ്രായപൂർത്തിയായ ഏതെങ്കിലും അംഗം രേഖാമൂലം വിവരം ആ റേഷനിംഗ് ഏരിയയിലെ താലൂക്ക് സപ്ലൈ ആഫീസറെ അറിയിക്കേണ്ടതാകുന്നു. അംഗം മരണപ്പെട്ടതിന് 30 ദിവസത്തിനകം അത്തരത്തിൽ അറിയിപ്പ് നൽകേണ്ടതാണ്. അറിയിപ്പ് ലഭിച്ചയുടൻ താലൂക്ക് സപ്ലൈ ആഫീസർ ആവശ്യമായ അന്വേഷണം നടത്തി റേഷൻ കാർഡിൽ വേണ്ട ഭേദഗതികൾ വരുത്തി പുതിയ കാർഡ് വിതരണം ചെയ്യേണ്ടതാകുന്നു.

x. ഒരു റേഷൻ കാർഡുടമയുടെ മേൽവിലാസം മാറുന്ന പക്ഷം കാർഡുടമ അല്ലെങ്കിൽ കാർഡിലുള്ള ഏതെങ്കിലും അംഗം കാർഡുടമയ്ക്ക് അപേക്ഷ അതാത് റേഷനിംഗ് ഏരിയയിലെ ആഫീസർക്ക് മേൽവിലാസം മാറി 30 ദിവസത്തിനകം നൽകേണ്ടതാകുന്നു.

xi. ഒരു റേഷൻ കാർഡ് ഉടമ കാർഡിലെ എല്ലാ അംഗങ്ങൾ ഉൾപ്പെടെ താമസം മാറുന്ന പക്ഷം റേഷൻ കാർഡ് ആ റേഷനിംഗ് ഏരിയയിലെ താലൂക്ക് സപ്ലൈ ആഫീസർ മുൻപാകെ സറണ്ടർ ചെയ്യേണ്ടതാകുന്നു.

സംസ്ഥാനാതിർത്തി കടന്ന് താമസം മാറാത്ത പക്ഷം റേഷൻ ഏരിയാ മാറ്റം അനുവദിച്ചിട്ടുണ്ടെങ്കിൽ റേഷൻ കാർഡ് സറണ്ടർ ചെയ്യേണ്ട ആവശ്യമില്ലാത്തതാകുന്നു.

xii. ഏതെങ്കിലും കാർഡ് ഉടമയ്ക്ക് ഏതെങ്കിലും റേഷൻ കടയുടമ അർഹമായ റേഷൻ വിഹിതം അനുവദിക്കാതെ വന്നാൽ ടി വിവരം റേഷനിംഗ് ഇൻസ്പെക്ടർ/താലൂക്ക് സപ്ലൈ ആഫീസറേയോ ബോധിപ്പിക്കേണ്ടതും ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് ടി ആഫീസർ മേൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

xiii. ഏതെങ്കലും റേഷൻ കടയുടമ ഈ ഉത്തരവിൽ വെള്ളം ചേർക്കുകയോ, മാറ്റം വരുത്തുകയോ, ഉത്തരവിന് വിരുദ്ധമായി പ്രവർത്തിക്കുകയോ ചെയ്യുന്നതിനായി ഏതെങ്കിലും കാർഡുടമയുടെ ശ്രദ്ധയിൽപ്പെട്ടാൽ കാർഡുടമ വിവരം ബന്ധപ്പെട്ട റേഷനിംഗ് ഏരിയയിലെ റേഷനിംഗ് ഇൻസ്പെക്ടർ റാങ്കിൽ താഴെ അല്ലാത്ത ഉദ്യോഗസ്ഥനെ വിവരം അറിയിക്കേണ്ടതും, ഉത്തരവിന് വിധേയമായി നടപടികൾ സ്വീകരിക്കേണ്ടതുമാകുന്നു.

xiv. റേഷൻ കാർഡുമായി ബന്ധപ്പെട്ട എന്ത് ഉത്തരവ് സർക്കാരോ കമ്മീഷണറോ പുറപ്പെടുവിച്ചാലും പാലിക്കാൻ ബാധ്യസ്ഥനാകുന്നു.

xv. ഇനി എന്തെങ്കിലും ഉത്തരവാദിത്വങ്ങളും കടകളും ഉണ്ടാകുന്ന പക്ഷം സർക്കാരോ കമ്മീഷണോ കാലകാലങ്ങളിൽ അറിയിക്കുന്നതായിരിക്കും.

11) **അർഹതയില്ലാത്ത ഗുണഭോക്താക്കളുടെ വഞ്ചനക്കെതിരെയുള്ള നടപടികൾ** - സംസ്ഥാന സർക്കാരിന്റെ മാനദണ്ഡങ്ങൾ പ്രകാരം റേഷൻ കാർഡിൽ അംഗമാകാൻ അർഹതയില്ലാത്ത ഒരു വ്യക്തി തെറ്റായ വിവരങ്ങൾ നൽകി അനധികൃതമായി കാർഡ് കരസ്ഥമാക്കിയാൽ ആ വ്യക്തിക്കെതിരെ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

(a) ക്രിമിനൽ നടപടികൾ ആക്റ്റിലെ സെക്ഷൻ 9 ന് വിധേയമായിട്ടുള്ളവ

(b) കേന്ദ്ര/സംസ്ഥാന സർക്കാർ ജീവനക്കാർ, പൊതുമേഖല, സഹകരണ മേഖല, സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയിലെ ജീവനക്കാർ എന്നിവരാണെങ്കിൽ വകുപ്പ് തല അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

(c) കാർഡ് സസ്പെൻഡ് ചെയ്യുകയോ റദ്ദ് ചെയ്യുകയോ ചെയ്യുന്നതായിരിക്കും

(d) സർക്കാരിനുണ്ടാകുന്ന നഷ്ടം സർക്കാർ കാലാകാലങ്ങളിൽ തീരുമാനിക്കുന്ന നിരക്കിൽ ഈടാക്കുന്നതായിരിക്കും.

12) റേഷൻ കാർഡ് വിവരങ്ങൾ ഡിജിറ്റൽ ഡാറ്റാ ബേസായി

(1) സംസ്ഥാന സർക്കാർ അല്ലെങ്കിൽ കമ്മീഷണർ റേഷൻ കാർഡ് സംബന്ധിച്ച വിവരങ്ങൾ RCMS എന്ന പേരുള്ള ഡിജിറ്റലൈസ്ഡ് ഡാറ്റാ ബേസിൽ സൂക്ഷിക്കേണ്ടതും പുതിയ റേഷൻ കാർഡ്, റേഷൻ കാർഡിനുള്ള ഭേദഗതികൾ എന്നിവ ഈ ഡാറ്റാബേസിലൂടെ മാത്രം ചെയ്യേണ്ടതുമാകുന്നു.

(2) റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റത്തിൽ ഒരു റേഷൻ കാർഡ് ഡാറ്റായിൽ ഉണ്ടാകുന്ന വ്യത്യാസങ്ങൾ തീർച്ചയായും റേഷൻ കാർഡിലും ഉണ്ടാകേണ്ടതാണ്. ആയത് ഉറപ്പാക്കേണ്ടത് താലൂക്ക് സപ്ലൈ ആഫീസറുടെ ഉത്തരവാദിത്തമാണ്.

13) **റേഷൻ കാർഡ് ഉടമകളുടെ പേരു വിവരം** - റേഷൻ കാർഡ് ഉടമകളുടെ പേരു വിവരന പട്ടിക സിവിൽ സപ്ലൈസ് വകുപ്പിന്റെ വെബ് പോർട്ടലിലും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നോട്ടീസ് ബോർഡിലും അതാത് റേഷൻ കടകളിലും പ്രദർശിപ്പിക്കേണ്ടതാകുന്നു.

റേഷൻ കാർഡ് ഉടമകളുടെ പട്ടിക താലൂക്ക് സപ്ലൈ ആഫീസിൽ സൂക്ഷിച്ചിട്ടുള്ളത് പൊതുജനങ്ങൾക്ക് സൗജന്യമായി പരിശോധിക്കാനായി അവസരമുണ്ടാക്കേണ്ടതാണ്.

14) **വ്യാജ റേഷൻ കാർഡുകളുടെയും റേഷൻ കാർഡുകളിലെ വ്യാജ പേരുകളുടെയും ഒഴിവാക്കൽ** - വ്യാജവും അർഹതയില്ലാത്തതുമായ റേഷൻ കാർഡുകളും വ്യാജ കാർഡംഗങ്ങളെയും കണ്ടെത്താനും ആയത് ഒഴിവാക്കാനുമായി സിവിൽ സപ്ലൈസ് വകുപ്പ് പതിവായി പരിശോധനകൾ നടത്തേണ്ടതാകുന്നു. സംസ്ഥാന സർക്കാർ ഇത്തരം പരിശോധനകൾ നടത്തേണ്ടതാകുന്നു. സംസ്ഥാന സർക്കാർ ഇത്തരം പരിശോധനകൾ പതിവാക്കേണ്ടതും വ്യാജവും അർഹതയില്ലാത്തതുമായ റേഷൻ കാർഡുകൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് പ്രത്യേക പരിപാടികൾ എല്ലാ വർഷവും ജനുവരി മാസം മുതൽ മാർച്ച് മാസം വരെ നടപ്പിലാക്കേണ്ടതുമാണ്. ജില്ലാ സപ്ലൈ ആഫീസർ, താലൂക്ക് സപ്ലൈ ആഫീസർ, റേഷനിംഗ് ഇൻസ്പെക്ടർ എന്നിവർ യഥാക്രമം ജില്ല, താലൂക്ക്, ഫർക്ക കളിൽ ഈ പ്രവർത്തനങ്ങൾക്ക് ഉത്തരവാദിത്തം വഹിക്കേണ്ടതാകുന്നു.

15) **റേഷൻ കാർഡിന്റെ കാലാവധി** – ഒരു റേഷൻ കാർഡിന് ടി കാർഡിന്റെ ഉടമ സറണ്ടർ ചെയ്യുകയോ ഉത്തരവാദിത്തപ്പെട്ട അധികാരി സസ്പെൻഡ് ചെയ്യുകയോ റദ്ദ് ചെയ്യുകയോ ചെയ്യുന്നതുവരെ കാലാവധി ഉണ്ടായിരിക്കും.

16) **താല്ക്കാലിക റേഷൻ കാർഡ്** –

(1) അപ്രതീക്ഷിതമായ എന്തെങ്കിലും കാരണങ്ങളാൽ ക്ലാസ് 7 പ്രകാരം അനുവദിക്കേണ്ട ഒരു റേഷൻ കാർഡിൽ RCMS ലെ വിവര ശേഖരണം താമസിക്കുകയാണെങ്കിൽ പുതിയ റേഷൻ കാർഡ് അനുവദിക്കുന്നതുവരെ റേഷൻ വിഹിതം വാങ്ങുന്നതിനായി കാർഡുടമയ്ക്ക് താല്ക്കാലിക റേഷൻ കാർഡ് നൽകാവുന്നതാകുന്നു.

(2) താല്ക്കാലിക റേഷൻ കാർഡിൽ താല്ക്കാലികം എന്ന് രേഖപ്പെടുത്തേണ്ടതാണ്. 6 മാസത്തേയ്ക്കുള്ളതായിരിക്കും ഈ കാർഡ്.

17. **റേഷൻ കാർഡിൽ ചേർക്കാനോ ഭേദഗതി വരുത്താനോ വ്യത്യാസപ്പെടുത്താനോ താൽക്കാലികമായി റദ്ദാക്കാനോ ഉള്ള അധികാരം** .– (1) കമ്മീഷണറോ ജില്ലാ കളക്ടറോ താലൂക്ക് സപ്ലൈ ഓഫീസറുടെ റാങ്കിൽ താഴെയല്ലാതെയുള്ള സിവിൽ സപ്ലൈസ് വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ ഏതെങ്കിലും റേഷൻ കാർഡ് നൽകിയിട്ടുള്ള വ്യക്തിയുടെ അഭ്യർത്ഥന പ്രകാരം അല്ലെങ്കിൽ സ്വയമേവ, ആവശ്യമെന്ന് തോന്നിയേക്കാവുന്ന അന്വേഷണം നടത്തിയ ശേഷം വ്യക്തിക്ക് കേൾക്കാനുള്ള അവസരം നൽകുകയും രേഖാമൂലം കാരണങ്ങൾ രേഖപ്പെടുത്താനുള്ള അവസരം നൽകുകയും ചെയ്യുക, ചേർക്കുക, ഭേദഗതി ചെയ്യുക, റേഷൻ കാർഡ് വ്യത്യാസപ്പെടുക, താൽക്കാലികമായി റദ്ദാക്കുക അല്ലെങ്കിൽ അസാധുവാക്കുക എന്നിവയ്ക്കെല്ലാം അധികാരമുണ്ടായിരിക്കുന്നതാണ്. ഏതെങ്കിലും റേഷൻ കാർഡ് അസാധുവാക്കിയാൽ, അത് കൈവശമുള്ള ഏതൊരു വ്യക്തിയും ഉടൻ തന്നെ കമ്മീഷണർക്കോ ജില്ലാ കളക്ടർക്കോ അല്ലെങ്കിൽ മറ്റ് ഉദ്യോഗസ്ഥർക്കോ സമർപ്പിക്കണം.

(2) വകുപ്പ് 10 ലെ ഇനം (i) മുതൽ (vii) വരെ ലംഘിക്കുന്നത് റേഷൻ കാർഡ് റദ്ദാക്കുന്നതിന് കാരണമായേക്കാം.

(3) ഒരു റേഷൻ കാർഡ് റദ്ദാക്കുമ്പോൾ അത് താലൂക്ക് സപ്ലൈ ഓഫീസർ മഷി ഉപയോഗിച്ചോ അല്ലെങ്കിൽ സ്റ്റാമ്പ് വഴിയോ അല്ലെങ്കിൽ മായാത്ത പെൻസിൽ വഴിയോ പ്രാബല്യത്തിൽ വരുത്തും, അത്തരം റദ്ദാക്കലുകൾ നിയമാനുസൃതമായ ഉപയോഗത്തിന് ലഭ്യമാകുന്നത് അവസാനിപ്പിക്കും.

## അധ്യായം –III
## റേഷൻ അനുമതികൾ

18. **റേഷൻ പെർമിറ്റുകൾ** – (1) ഏതെങ്കിലും ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നതിന്, ജില്ലാ സപ്ലൈ ഓഫീസർക്ക് അനുബന്ധം II ലെ ഫോം 'ബി' യിൽ നൽകിയിട്ടുള്ള ഫോമിൽ റേഷൻ പെർമിറ്റ് ക്ഷേമ സ്ഥാപനങ്ങൾ, ഹോസ്റ്റലുകൾ, മറ്റ് ഗവൺമെന്റ് അംഗീകൃത സ്ഥാപനങ്ങൾ എന്നിവയ്ക്ക് പെർമിറ്റ് നൽകാവുന്നതാണ്.

വിശദീകരണം 1– ഈ ഉപവാക്യത്തിന്റെ ഉദ്ദേശ്യത്തിനായി –

(i) **"ക്ഷേമ സ്ഥാപനങ്ങൾ"** എന്നാൽ അനാഥകൾ, നിരാലംബരായവർ അല്ലെങ്കിൽ സാമൂഹ്യനീതി വകുപ്പ് അല്ലെങ്കിൽ കേരളത്തിലെ വനിതാ-ശിശു വികസന വകുപ്പ് അംഗീകരിച്ച അല്ലെങ്കിൽ കേരളത്തിലെ അനാഥാലയ നിയന്ത്രണ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മറ്റ് വ്യക്തികൾക്കായി ഉദ്ദേശിച്ചിട്ടുള്ള പാർപ്പിട സ്ഥാപനങ്ങൾ.

(ii) **"ഹോസ്റ്റലുകൾ"** എന്നാൽ ഉപഭോക്തൃ കാര്യ മന്ത്രാലയം, ഭക്ഷ്യ പൊതുവിതരണ മന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ്, ഓഫീസ് മെമ്മോറാണ്ടം നമ്പർ 9-5 പ്രകാരം 'ക്ഷേമ സ്ഥാപനങ്ങളും ഹോസ്റ്റൽ പദ്ധതികളും' എന്നതിന്റെ പരിധിയിൽ വരുന്ന ഹോസ്റ്റലുകൾ അല്ലെങ്കിൽ ബോർഡിംഗ് സ്ഥാപനങ്ങൾ. / 2014-സമയാസമയങ്ങളിൽ ഭേദഗതി വരുത്തിയ 2017 സെപ്റ്റംബർ 1-ലെ ബിപി- II, സംസ്ഥാന സർക്കാർ പദ്ധതി പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ള മറ്റ് സ്ഥാപനങ്ങൾ.

(iii) "സ്ഥാപനങ്ങൾ" എന്നാൽ ജില്ലാ കളക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സമയാസമയങ്ങളിൽ സർക്കാർ തീരുമാനിച്ചതും ടിപിഡിഎസിന് കീഴിലോ കേന്ദ്ര അല്ലെങ്കിൽ സംസ്ഥാന സർക്കാരിന്റെ മറ്റേതെങ്കിലും ക്ഷേമപദ്ധതിയിൽ ഉൾപ്പെടാത്തതോ ആയ മറ്റ് സ്ഥാപനങ്ങൾ

വിശദീകരണം 2. - "ഓതറൈസ്ഡ് എസ്റ്റാബ്ലിഷ്മെന്റ് പ്രൊപ്രൈറ്റർ" എന്നാൽ, മുകളിലുള്ള ഉപവകുപ്പ് (1) ലെ വ്യവസ്ഥകൾ പ്രകാരം ഒരു പെർമിറ്റ് ലഭ്യമായിട്ടുള്ള സ്ഥാപനത്തിന്റെ ചുമതലയുള്ള വ്യക്തി എന്നാണ്, കൂടാതെ സംസ്ഥാനത്തിന്റെയോ കേന്ദ്രത്തിന്റെയോ നിയന്ത്രണത്തിലുള്ള ഒരു സ്ഥാപനത്തിന്റെ ചുമതലയുള്ള ഒരു വ്യക്തിയെയും ഇങ്ങനെ പറയാവുന്നതാണ്.

(2) ഒരു അംഗീകൃത സ്ഥാപന ഉടമസ്ഥന് ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവും വിലയും കാലാകാലങ്ങളിൽ സർക്കാർ തീരുമാനിക്കും.

19. **റേഷൻ പെർമിറ്റിനുള്ള അപേക്ഷ** - മുകളിലുള്ള ഉപവകുപ്പ് (1) പ്രകാരം റേഷൻ പെർമിറ്റ് ആവശ്യമുള്ള ഏതൊരാൾക്കും ബന്ധപ്പെട്ട ജില്ലയിലെ ജില്ലാ സപ്ലൈ ഓഫീസർക്ക് അനുബന്ധത്തിൽ 'സി' ഫോമിൽ നൽകിയിട്ടുള്ള ഫോമിൽ അപേക്ഷിക്കാം. അനക്സർ III - ജില്ലാ സപ്ലൈ ഓഫീസർ ഉചിതമായ രീതിയിൽ അന്വേഷണം നടത്തി സർക്കാർ നിശ്ചയിച്ച ഫീസ് ഈടാക്കി പെർമിറ്റ് നൽകേണ്ടതാണ്.

20. **റേഷൻ പെർമിറ്റിന്റെ സാധുത** - ഇഷ്യൂ ചെയ്ത തീയതി മുതൽ ഒരു വർഷത്തേക്ക് ഒരു റേഷൻ പെർമിറ്റ് സാധുവായിരിക്കും.

21. **റേഷൻ പെർമിറ്റ് പുതുക്കൽ** - (1) റേഷൻ പെർമിറ്റ് പുതുക്കുന്നതിനുള്ള എല്ലാ അപേക്ഷകളും ജില്ലാ സപ്ലൈ ഓഫീസറുടെ മുമ്പാകെ, റേഷൻ പെർമിറ്റിന്റെ ഒറിജിനൽ പകർപ്പിനൊപ്പം അത്തരം പെർമിറ്റ് കാലഹരണപ്പെടുന്ന തീയതിക്ക് കുറഞ്ഞത് നാൽപത്തിയഞ്ച് ദിവസമെങ്കിലും മുമ്പായി സമർപ്പിക്കണം. റേഷൻ പെർമിറ്റ് പുതുക്കുന്നതിനുള്ള അപേക്ഷ അനുബന്ധം IV ലെ ഫോം 'ഡി' യിൽ നൽകിയിട്ടുള്ള ഫോം പ്രകാരം സർക്കാർ വ്യക്തമാക്കിയ പുതുക്കൽ ഫീസുൾപ്പെടെ നൽകേണ്ടതാണ്. മതിയായ കാരണങ്ങളുണ്ടെങ്കിൽ

കാലഹരണപ്പെട്ട് 30 ദിവസങ്ങൾക്കുള്ളിൽ സമർപ്പിക്കുന്ന പുതുക്കൽ അപേക്ഷ സ്വീകരിക്കാവുന്നതാണ്.

(2) ആവശ്യമായ അന്വേഷണങ്ങൾ നടത്തി പുതുക്കുന്നതിനുള്ള നടപടികൾ ജില്ലാ സപ്ലൈ ഓഫീസർ സ്വീകരിക്കേണ്ടതാണ്.

22. **അംഗീകൃത സ്ഥാപന ഉടമസ്ഥന്റെ കടമകളും ഉത്തരവാദിത്തങ്ങളും** – (1) റേഷൻ പെർമിറ്റ് അനുസരിച്ച് ഭക്ഷ്യധാന്യങ്ങൾ എടുക്കുന്നതിന് അംഗീകൃത സ്ഥാപന ഉടമസ്ഥന് ഉത്തരവാദിത്തമുണ്ടായിരിക്കും, കൂടാതെ റേഷൻ പെർമിറ്റ് ഇഷ്യൂ ചെയ്യുന്ന ആവശ്യത്തിനായി മാത്രമേ ഉപയോഗിക്കൂ. സ്ഥാപനം നടത്തുന്നത് ഒരു ബോർഡോ മാനേജ്മെന്റിന് ഉത്തരവാദിത്തമുള്ള ഒരു ബോഡിയോ ആണെങ്കിൽ, റേഷൻ പെർമിറ്റിന്റെ ശരിയായ ഉപയോഗത്തിനും ഭക്ഷ്യധാന്യങ്ങളുടെ സംഭരണത്തിനും ഉപയോഗത്തിനും ശരിയായ രജിസ്റ്ററുകളുടെ പരിപാലനത്തിനും അത്തരം ബോഡിയിലെ ഓരോ അംഗത്തിനും ഉത്തരവാദിത്തമുണ്ട്. ഭക്ഷ്യധാന്യങ്ങളുടെ ഉപയോഗം സംബന്ധിച്ച നിയമ ലംഘനങ്ങൾക്ക് അവശ്യ സാധന നിയമം 1955 പ്രകാരം നടപടികൾ സ്വീകരിക്കും.

(2) ഏതെങ്കിലും ന്യായ വിലക്കടയിൽ രജിസ്റ്റർ ചെയ്തിട്ടില്ലാതെയോ പെർമിറ്റിൽ വ്യക്തമാക്കിയ ഒരു ഇന്റർമീഡിയറ്റ് ഗോഡൗണിൽ രജിസ്റ്റർ ചെയ്തിട്ടില്ലാതെയോ താലൂക്ക് സപ്ലൈ ഓഫീസറുടെ നിർദ്ദേശങ്ങളില്ലാതെയോ ഒരു അംഗീകൃത സ്ഥാപന ഉടമസ്ഥനും പെർമിറ്റിൽ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാകുന്നതല്ല.

(3) തെറ്റായ വിവരങ്ങൾ നൽകി ഒരു വ്യക്തിയും റേഷൻ പെർമിറ്റ് നേടാനോ ശ്രമിക്കാനോ പാടില്ല.

(4) ഓരോ അംഗീകൃത സ്ഥാപന ഉടമസ്ഥനും, സ്ഥാപനവുമായി ബന്ധപ്പെട്ട്, ലഭിച്ച ഓരോ ഭക്ഷ്യധാന്യങ്ങളുടെ കണക്കുകളും, സ്ഥാപനത്തിന്റെ പരിസരത്തോ മറ്റെവിടെയെങ്കിലുമോ ഉപഭോഗത്തിനായി ഭക്ഷണം നൽകിയ വ്യക്തികളുടെ ദിവസേനയുള്ള എണ്ണവും സ്ഥിരവും കൃത്യവുമായ കണക്കുകളും അനുബന്ധം V ലെ 'E' ഫോമിൽ സൂക്ഷിക്കേണ്ടതാണ്.

(5) അംഗീകൃത സ്ഥാപന ഉടമസ്ഥൻ കാലാകാലങ്ങളിൽ സർക്കാർ അല്ലെങ്കിൽ സിവിൽ സപ്ലൈസ് വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥർ റേഷനിംഗ് ഇൻസ്പെക്ടർ പദവിയിൽ താഴെയുള്ള എല്ലാ പൊതുവായ അല്ലെങ്കിൽ പ്രത്യേക നിർദ്ദേശങ്ങൾ അനുസരിക്കും.

(6) ഏഴ് ദിവസത്തിൽ കൂടുതൽ ഏതെങ്കിലും കാരണത്താൽ ഒരു സ്ഥാപനം അടച്ചിരിക്കുമ്പോൾ, അംഗീകൃത സ്ഥാപന ഉടമസ്ഥൻ ഇക്കാര്യം റേഷൻ പെർമിറ്റ് നൽകിയ ഉദ്യോഗസ്ഥനെ അറിയിക്കേണ്ടതാണ്. അത്തരം അറിയിപ്പ് അടച്ച തീയതി മുതൽ ഏഴ് ദിവസത്തിനുള്ളിൽ നൽകേണ്ടതാണ്. സ്ഥാപനം അടച്ചിരിക്കുന്ന കാലയളവിൽ റേഷൻ പെർമിറ്റിൽ ഭക്ഷ്യധാന്യങ്ങൾ വിട്ടു നൽകാറില്ല.

(7) 10-ാം വകുപ്പ് പ്രകാരമുള്ള വ്യവസ്ഥകൾ, യോജിച്ച മാറ്റങ്ങളോടെ പ്രസക്തമായ ഇടങ്ങളിലെല്ലാം, ഇഷ്യൂ ചെയ്ത റേഷൻ പെർമിറ്റുകൾക്ക് ബാധകമാക്കും.

23. പരിശോധന.– (1) ഒരു ഫിർക്കയ്ക്കുള്ളിലെ എല്ലാ സ്ഥാപനങ്ങളുടെയും പതിവ് ഒരു റൗണ്ട് പരിശോധന മാസത്തിലൊരിക്കൽ റേഷനിംഗ് ഇൻസ്പെക്ടർ നടത്തും. താലൂക്കിനുള്ളിലെ മൊത്തം സ്ഥാപനങ്ങളിൽ മുപ്പത് ശതമാനം താലൂക്ക് സപ്ലൈ ഓഫീസർ പരിശോധിക്കുകയും ജില്ലയിലെ മൊത്തം സ്ഥാപനങ്ങളിൽ കുറഞ്ഞത് ഇരുപത് ശതമാനം ജില്ലാ സപ്ലൈ ഉദ്യോഗസ്ഥർ എല്ലാ മാസത്തിലൊരിക്കലും കൃത്യമായി പരിശോധിക്കുകയും ചെയ്യും.

(2) എല്ലാ ജില്ലാ കളക്ടർമാർക്കും റേഷനിംഗ് ഇൻസ്പെക്ടറിൽ താഴെയല്ലാതെ റാങ്കുള്ള ഏത് സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥനും സ്ഥാപനങ്ങളിലെ സ്റ്റോക്ക് പരിശോധിക്കാനും കണക്ക് പരിശോധിക്കാനുമുള്ള അധികാരമുണ്ട്.

24. റേഷൻ പെർമിറ്റ് ഭേദഗതി ചെയ്യാനോ വ്യത്യാസപ്പെടുത്താനോ താൽക്കാലികമായി റദ്ദാക്കാനോ ഉള്ള അധികാരം മുകളിൽ 23-ാം വകുപ്പിൽ പരാമർശിച്ചിരിക്കുന്ന ഏതെങ്കിലും ഉദ്യോഗസ്ഥരിൽ നിന്ന് റിപ്പോർട്ട് ലഭിച്ചാൽ അല്ലെങ്കിൽ ഒരു സ്ഥാപനത്തിന്റെ സ്റ്റോക്ക് അല്ലെങ്കിൽ അക്കൗണ്ടുകൾ പരിശോധിക്കുമ്പോൾ, ജില്ലാ കളക്ടറോ സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റിന്റെ താലൂക്ക് സപ്ലൈ ഓഫീസറിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനോ അക്കൗണ്ടുകളിൽ എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തുകയോ യോഗ്യതയുള്ള അധികാരികൾ നൽകുന്ന ഏതെങ്കിലും നിർദ്ദേശങ്ങൾ പാലിക്കാത്തത് കണ്ടെത്തുകയോ ചെയ്താൽ അംഗീകൃത സ്ഥാപന ഉടമയ്ക്ക് വിശദീകരിക്കാനുള്ള അവസരം നൽകിയ ശേഷം ആയത് തൃപ്തികരമല്ലെങ്കിൽ ടിയാന്റെ ലൈസൻസ് താൽക്കാലികമായി റദ്ദ് ചെയ്യുകയോ സ്ഥിരമായി റദ്ദ് ചെയ്യുകയോ ചെയ്യുന്നതാണ്. കൂടാതെ ക്രമക്കേട് മൂലം സർക്കാരിന് സംഭവിക്കുന്ന നഷ്ടം ലൈസൻസികളിൽ നിന്നും ഈടാക്കുന്നതാണ്. കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന ഇക്കണോമിക് കോസ്റ്റിന് അനുസൃതമായിട്ടായിരിക്കും ടി തുക ഈടാക്കുന്നത്. ഇത്തരം സന്ദർഭങ്ങളിൽ സ്ഥാപനത്തിന് അനുവദിച്ച പെർമിറ്റും താല്ക്കാലികമായി നിർത്തലാക്കുന്നതാണ്.

25. **പ്രത്യേക പെർമിറ്റ്** – സർക്കാരിനോ കമ്മീഷണർക്കോ അപേക്ഷിക്കുന്ന പക്ഷം ആവശ്യമെന്ന് കരുതുന്ന അന്വേഷണത്തിനുശേഷം ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നതിനായി സർക്കാർ ആവശ്യങ്ങൾക്കായി പ്രത്യേക പെർമിറ്റുകൾ നൽകാം. പ്രത്യേക അനുമതിക്കുള്ള അപേക്ഷ അനുബന്ധം VI ലെ ഫോം 'എഫ്' ൽ നൽകിയിട്ടുള്ള അത്തരം ഫോമുകളിൽ നൽകും. അത്തരം അപേക്ഷകൾ പ്രത്യേക പെർമിറ്റുകൾക്ക് അപേക്ഷിക്കുന്ന ആവശ്യവും ഭക്ഷ്യധാന്യങ്ങളുടെ അളവും വ്യക്തമാക്കും. വാങ്ങാൻ അനുവദിച്ചിരിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവും വിലയും, അത് എവിടെ നിന്ന് വാങ്ങണം, അതിന്റെ സാധുതയുടെ കാലാവധി എന്നിവയും പെർമിറ്റ് സൂചിപ്പിക്കും. പ്രത്യേക പെർമിറ്റ് ഭക്ഷ്യധാന്യങ്ങൾ എടുക്കുന്ന സമയത്ത് ഇന്റർമീഡിയറ്റ് ഗോഡൗണിന്റെ ചുമതലകൾ അല്ലെങ്കിൽ ന്യായ വില ഷോപ്പ് ഉടമയ്ക്ക് മുൻപാകെ ഹാജരാക്കേണ്ടതാണ്.

**അദ്ധ്യായം –IV**

## ഫെയർ പ്രൈസ് ഷോപ്പുകളുടെ ലൈസൻസിംഗ്

26. **ലൈസൻസ്, ലൈസൻസിംഗ് അതോറിറ്റി** – (1) കാലാകാലങ്ങളിൽ സർക്കാർ തീരുമാനിക്കുന്ന ഒരു വ്യക്തി / സ്വയം സഹായ ഗ്രൂപ്പ് / വനിതാ ആക്റ്റിവിറ്റി ഗ്രൂപ്പുകൾ / വനിതാ കൂട്ടായ്മകൾ / സഹകരണ സംഘങ്ങൾ / അല്ലെങ്കിൽ മറ്റേതെങ്കിലും സ്ഥാപനങ്ങൾ ലൈസൻസിംഗ് അതോറിറ്റി അതിന്റെ പേരിൽ നൽകിയിട്ടുള്ള ലൈസൻസിന് അനുസൃതമായി അവന്റെ / അതിന്റെ പേരിൽ ഷോപ്പിന് ലൈസൻസ് നൽകിയിട്ടില്ലെങ്കിൽ ഏതെങ്കിലും റേഷൻ പ്രദേശത്തെ വില ഷോപ്പ്:കേരള റേഷനിംഗ് ഓർഡർ 1966 പ്രകാരം നിലവിലുള്ള എല്ലാ അംഗീകൃത റീട്ടെയിൽ വിതരണക്കാരും, ഈ ഓർഡർ പ്രാബല്യത്തിൽ വരുന്ന തീയതിയിൽ, ഈ ഓർഡറിന് കീഴിൽ ന്യായ വില ഷോപ്പ് ഉടമയായി ലൈസൻസുള്ളതായി കണക്കാക്കപ്പെടും, അത്തരം ലൈസൻസികൾ വ്യക്തമാക്കിയ ലൈസൻസിന് അപേക്ഷിക്കാൻ തയ്യാറാണെങ്കിൽ ഈ ഓർഡർ പ്രാബല്യത്തിൽ വന്ന തീയതി മുതൽ 3 മാസത്തിനുള്ളിൽ ഈ ഓർഡറിന് കീഴിൽ.

(2) ഈ ഓർഡറിലെ വ്യവസ്ഥകൾ പ്രകാരം ന്യായമായ വില ഷോപ്പുകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള ലൈസൻസിംഗ് അതോറിറ്റി ജില്ലാ സപ്ലൈ ഓഫീസർ ആയിരിക്കും.

27. **ന്യായ വിലക്കട അനുവദിക്കുന്നതിൽ മുൻഗണന** – ന്യായ വിലക്കടകൾ അനുവദിക്കുന്നതിനുള്ള മുൻഗണനകൾ ഇപ്രകാരമായിരിക്കും: –

(i) സ്വാശ്രയ ഗ്രൂപ്പുകൾ / വനിതാ പ്രവർത്തന ഗ്രൂപ്പുകൾ / വനിതാ കൂട്ടായ്മകൾ;

(ii) പഞ്ചായത്തുകൾ

(iii) സഹകരണ സംഘങ്ങൾ

(iv) വിമുക്തഭടൻമാർ

(v) വിദ്യാസമ്പന്നരായ തൊഴിലില്ലാത്തവർ

28. **വ്യക്തിഗത അപേക്ഷകർക്ക് ലൈസൻസ് അനുവദിക്കുന്നതിനുള്ള യോഗ്യത** – (1) ന്യായ വില ഷോപ്പ് ഉടമ, ഒരു വ്യക്തി

(i) അപേക്ഷ സമർപ്പിക്കുന്ന വർഷം ജനുവരി ഒന്നാം തീയതിക്കകം 21 വയസ്സ് തികഞ്ഞിരിക്കണം.

(ii) അപേക്ഷ സമർപ്പിക്കുന്ന വർഷം ജനുവരി ഒന്നാം തീയതി മുതൽ 60 വയസ്സിന് മുകളിൽ ആയിരിക്കരുത്.

(iii) കേരളത്തിലെ പൊതു പരീക്ഷാ ബോർഡ് നടത്തുന്ന പത്താം ക്ലാസ് പാസായിരിക്കണം.

(iv) ന്യായ വില ഷോപ്പ് ഉടമയായി പ്രവർത്തിക്കാൻ ശാരീരികമായും മാനസികമായും പ്രാപ്തിയുള്ളവരായിരിക്കണം.

(v) അപേക്ഷിക്കുന്ന തീയതിക്ക് മുമ്പുള്ള മൂന്ന് വർഷത്തേക്ക് ന്യായമായ വിലക്കടയുള്ള പ്രാദേശിക അതോറിറ്റിയുടെ വാർഡിൽ താമസിക്കണം:

പട്ടികജാതി / പട്ടികവർഗ്ഗ സംവരണ വിഭാഗത്തിനായി ഷോപ്പിനെ അറിയിക്കുകയാണെങ്കിൽ, അപേക്ഷകൻ ബന്ധപ്പെട്ട പ്രാദേശിക അതോറിറ്റിയുടെ താമസക്കാരനായിരിക്കണം.

(2) വ്യക്തിഗത അപേക്ഷകർക്കിടയിൽ യോഗ്യതാ സാഹചര്യങ്ങളിൽ തുല്യതയുണ്ടെങ്കിൽ, അവരിൽ പ്രായമുള്ള മുതിർന്നവർക്ക് മുൻഗണന നൽകും.

29. **വ്യക്തിഗത അപേക്ഷകർക്ക് ന്യായമായ വില ഷോപ്പ് ലൈസൻസ് ലഭിക്കുന്നതിനുള്ള അയോഗ്യത** – ഒരു വ്യക്തിക്ക് ന്യായമായ വില ഷോപ്പ് ലൈസൻസ് അനുവദിക്കാനാകാത്ത സന്ദർഭങ്ങൾ

(i) എസൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് 1955 പ്രകാരമുള്ള ഏതെങ്കിലും ഉത്തരവുകളുടെ ലംഘനത്തിനോ ഭക്ഷ്യസുരക്ഷ, മാനദണ്ഡ നിയമം 2006 ലെ വ്യവസ്ഥകൾക്കോ ധാർമ്മിക വ്യതിയാനം ഉൾപ്പെടുന്ന മറ്റേതെങ്കിലും കുറ്റത്തിനോ കോടതി ശിക്ഷിച്ചിട്ടുണ്ട്.

(ii) ഗവൺമെന്റിന്റെ മുഴുവൻ സമയ / പാർട്ട് ടൈം ജോലിക്കാരൻ അല്ലെങ്കിൽ പൊതു / സ്വകാര്യ / സഹകരണ മേഖലയിലെ ഉദ്യോഗസ്ഥൻ അല്ലെങ്കിൽ ഏതെങ്കിലും സ്ഥിരമായ നിയമനത്തിനായി സർക്കാരിൽ നിന്ന് ഓണറേറിയം സ്വീകരിക്കുന്നയാൾ.

(iii) വീട്ടിലെ മറ്റേതെങ്കിലും അംഗം ന്യായമായ വില ഷോപ്പ് ഉടമയാണ്.

30. **സ്വയം സഹായ ഗ്രൂപ്പുകൾ / വനിതാ ആക്ടിവിറ്റി ഗ്രൂപ്പുകൾ / വനിതാ കൂട്ടായ്മകൾ എന്നിവയ്ക്ക് ലൈസൻസ് അനുവദിക്കുന്നതിനുള്ള യോഗ്യത** –

(i) സംസ്ഥാന അല്ലെങ്കിൽ കേന്ദ്ര സർക്കാരിന്റെ സ്കീമുകൾ പ്രകാരം അംഗീകരിച്ച ഒരു യൂണിറ്റ് / ഗ്രൂപ്പ് ആയിരിക്കണം.

(ii) ന്യായ വിലഷോപ്പ് സ്ഥിതിചെയ്യുന്ന പ്രാദേശിക അതോറിറ്റിയിൽ പ്രവർത്തന മേഖല ഉണ്ടായിരിക്കണം, ന്യായ വില ഷോപ്പ് സ്ഥിതിചെയ്യുന്ന വാർഡിലാണെങ്കിൽ ഏറ്റവും ഉചിതം.

31. **സഹകരണ സംഘങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിനുള്ള യോഗ്യത** –

(i) കേരള സഹകരണ സൊസൈറ്റി ആക്ട്, 1969 പ്രകാരം രജിസ്റ്റർ ചെയ്ത ഒരു സൊസൈറ്റിയായിരിക്കണം.

(ii) കാർഷികാഭിവൃദ്ധി, പൊതുവിതരണ സംവിധാനം, ഉപഭോക്തൃ പ്രവർത്തനങ്ങൾ, കാർഷികോൽപ്പന്നങ്ങളുടെ വിതരണം, കാർഷിക ഉൽപന്നങ്ങളുടെ വിപണനം, പൊതുക്ഷേമം അല്ലെങ്കിൽ അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകി പ്രവർച്ചിക്കുകയായിരിക്കണം.

സ്ത്രീകളുടെയും പട്ടികജാതിയിലെയും പട്ടികവർഗത്തിലെയും വ്യക്തികൾക്കായി മാത്രമായി രൂപീകരിച്ച സൊസൈറ്റികളും ഈ വിഭാഗങ്ങളിലെ സംവരണ ഒഴിവുകൾക്കെതിരെ അപേക്ഷിക്കാൻ യോഗ്യരാണെന്ന് കണക്കാക്കാം.

(iii) ന്യായ വില ഷോപ്പ് സ്ഥിതിചെയ്യുന്ന പ്രാദേശിക അതോറിറ്റിക്കുള്ളിൽ പ്രവർത്തന മേഖല ഉണ്ടായിരിക്കണം, പ്രത്യേകിച്ചും ന്യായ വില ഷോപ്പ് സ്ഥിതിചെയ്യുന്ന വാർഡിൽ.

32. **പൊതു യോഗ്യതാ മാനദണ്ഡം** –

(i) രണ്ടു മാസത്തേക്കുള്ള 10 ക്വിന്റൽ ഭക്ഷ്യസാധനങ്ങൾ സൂക്ഷിക്കാൻ 14 ചതുരശ്രഅടിയും 40 ചതുരശ്ര അടി ജോലി ചെയ്യാനുള്ള സ്ഥലവും കൂടാതെ മണ്ണെണ്ണ സൂക്ഷിക്കാൻ [5 ചതുരശ്ര

അടി/ബാരൽ] ഓരോ ബാരലിനും 5 ചതുരശ്ര അടി എന്ന കണക്കിൻ വിശാലവും ഉറപ്പുള്ളതുമായ കെട്ടിടം ഉണ്ടായിരിക്കേണ്ടതാണ്. കെട്ടിടത്തിലേക്ക് പൊതുജനങ്ങൾക്ക് എത്തിച്ചേരാനുള്ള വഴി ഉണ്ടായിരിക്കേണ്ടതും കമ്പ്യൂട്ടറും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ മെഷീൻ എന്നിവ സ്ഥാപിക്കാനാവശ്യമായ വൈദ്യുത കണക്ഷൻ ഉണ്ടായിരിക്കേണ്ടതുമാണ്.

(ii) 1,00,000/- രൂപയുടെ (ഒരു ലക്ഷം രൂപ മാത്രം), ട്രഷറി ഫിക്സഡ് ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റിന്റെ രൂപത്തിലുള്ള സോൾവൻസി സർട്ടിഫിക്കറ്റ് ലൈസൻസിംഗ് അതോറിറ്റിയുടെ പേരിൽ എടുക്കണം.

പട്ടികജാതി / പട്ടികവർഗ്ഗ / സ്വാശ്രയ ഗ്രൂപ്പുകൾ / വനിതാ പ്രവർത്തന ഗ്രൂപ്പുകൾ / വനിതാ കൂട്ടായ്മകൾ എന്നീ വിഭാഗങ്ങളിൽ നിന്നുള്ള അപേക്ഷകന് 50,000 രൂപ - (അമ്പതിനായിരം രൂപ മാത്രം) മാത്രമേ ആവശ്യമുള്ളൂ.

കേരള റേഷനിംഗ് ഓർഡർ, 1966 പ്രകാരം ലൈസൻസുള്ള നിലവിലുള്ള അംഗീകൃത റീട്ടെയിൽ വിതരണക്കാർ ക്ലോസ് 26 ലെ വ്യവസ്ഥ പ്രകാരമുള്ള ലൈസൻസിന് അപേക്ഷിക്കുമ്പോൾ മുകളിലുള്ള ഉപവകുപ്പ് 2 ൽ വ്യക്തമാക്കിയ സോൾവൻസിയിൽ എത്താൻ ശേഷിക്കുന്ന സോൾവൻസി തുക നൽകേണ്ടതാണ്.

33. **റിസർവേഷൻ** - (1) ഈ ഉത്തരവ് പ്രകാരം ഓരോ ജില്ലാ സപ്ലൈ ആഫീസരുടേയും പരിധിയിൽ വരുന്ന ലൈസൻസുള്ള സ്ഥിരമായ അംഗീകൃത ന്യായ വില ഷോപ്പ് ഉടമകളിൽ എട്ട് ശതമാനം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും രണ്ട് ശതമാനം പേർ പട്ടികവർഗ്ഗക്കാർ, അഞ്ച് ശതമാനം ഭിന്നശേഷിക്കാർ, ഇരുപത് ശതമാനം വനിതകൾ എന്നിങ്ങനെയായിരിക്കണം.

37 (1) മുതൽ (4) വരെയുള്ള വകുപ്പിൽ നൽകിയിട്ടുള്ള നാമനിർദ്ദേശം / അനുകമ്പാർഹമായ സാഹചര്യം എന്നിവയാൽ നികത്തപ്പെട്ട ഒഴിവുകൾ അത്തരം സംവരണത്തിനായി കണക്കാക്കില്ല.

പട്ടികജാതി പട്ടികവർഗക്കാർക്കായി സംവരണം ചെയ്യപ്പെട്ട ന്യായവിലക്കടകൾ ഉൾപ്പെടുന്ന പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ വാർഡിലെ പട്ടികജാതി/വർഗ ജനസംഖ്യ 2011 ലെ സെൻസസ് അനുസരിച്ച് 1% ൽ താഴെയാണെങ്കിൽ ജില്ലയിൽ ഇത്തരക്കാരുടെ ജനസംഖ്യ 1% ൽ കൂടുതലുള്ള മറ്റേതെങ്കിലും പഞ്ചായത്ത്/മുനിസിപ്പാലിറ്റി /കോർപ്പറേഷനിലേക്ക് ആ ന്യായവിലക്കട മാറ്റി നൽകാവുന്നതാണ്.

വിശദീകരണം: - i. വൈകല്യമുള്ള വ്യക്തി എന്നാൽ വൈകല്യമുള്ള വ്യക്തികളുടെ അവകാശ നിയമം, 2016 (2016 ലെ നമ്പർ 49) പ്രകാരം നിർവചിക്കപ്പെട്ടിട്ടുള്ളതും ന്യായ വില ഷോപ്പ് നടത്താൻ പ്രാപ്തിയുള്ളതുമായ വ്യക്തി എന്നാണ് അർത്ഥമാക്കുന്നത്.

ii. സ്വാശ്രയ ഗ്രൂപ്പുകൾ / വനിതാ ആക്റ്റിവിറ്റി ഗ്രൂപ്പുകൾ / വനിതാ കൂട്ടായ്മകൾ / സഹകരണസംഘങ്ങൾ / അല്ലെങ്കിൽ മറ്റേതെങ്കിലും സംഘടന എന്നിവ കാലാകാലങ്ങളിൽ സർക്കാർ തീരുമാനിച്ചേക്കാവുന്നവ ആ ക്ലാസിലെ അംഗങ്ങളായി കണക്കാക്കപ്പെടും (പട്ടികജാതി, പട്ടികവർഗ്ഗക്കാർ, ശാരീരിക വൈകല്യമുള്ളവർ, പൊതുവായവർ ) അത്തരം സംവരണ നില നിർണ്ണയിക്കുന്നതിന് അത്തരം സ്വാശ്രയ ഗ്രൂപ്പുകളുടെ അല്ലെങ്കിൽ സഹകരണ സംഘങ്ങളുടെ മാനേജിംഗ് കമ്മിറ്റി അംഗങ്ങളിൽ 2/3 ൽ കൂടുതൽ അംഗങ്ങൾ ഉൾപ്പെടുന്നു.

(2) ഈ ഓർഡറിൽ എന്തെങ്കിലുമുണ്ടെങ്കിലും, ഉപവകുപ്പ് (1) ൽ നിർദ്ദേശിച്ചിട്ടുള്ള പരിധികൾ എത്തുന്നതുവരെ, ഈ ഓർഡർ ആരംഭിക്കുന്ന തീയതിക്ക് മുമ്പോ ശേഷമോ ഉണ്ടാകുന്ന എല്ലാ ഒഴിവുകളും റിസർവ്ഡ് വിഭാഗങ്ങൾക്കായി മാത്രമേ അറിയിക്കൂ എന്ന് സർക്കാർ നേരിട്ട് ഉത്തരവിടും. .

34. **ലൈസൻസും ലൈസൻസ് ഫീസും നൽകുന്നതിനുള്ള നടപടിക്രമം** – (1) നിലവിലുള്ള ലൈസൻസ് റദ്ദാക്കുകയോ നിലവിലുള്ള ലൈസൻസ് സറണ്ടർ ചെയ്യുകയോ ലൈസൻസ് കാലഹരണപ്പെടുകയോ പുതിയ ന്യായ വില ഷോപ്പ് അനുവദിക്കുകയോ വഴി ന്യായ വില ഷോപ്പ് ഉടമയുടെ ഒരു ഒഴിവ് ഉണ്ടാകുമ്പോൾ, ലൈസൻസിംഗ് അതോറിറ്റി, അത്തരം ഒഴിവുകൾ ഉണ്ടായ ഒരാഴ്ചയ്ക്കുള്ളിൽ, വിശാലമായ പ്രചാരമുള്ള മൂന്ന് പ്രാദേശിക ദിനപത്രങ്ങളിലും, ന്യായ വിലക്കടയുടെ പ്രാദേശിക പ്രദേശത്തെ ഗ്രാമ, പഞ്ചായത്തുകളുടെ നോട്ടീസ് ബോർഡുകളിലും നോട്ടീസ് പ്രസിദ്ധീകരിച്ച് അപേക്ഷ ക്ഷണിക്കും.

(2) വ്യക്തികൾ അനുബന്ധം VII ൽ നൽകിയിട്ടുള്ള 'ജി' ഫോമിലും സ്വയം സഹായ ഗ്രൂപ്പുകൾ / വനിതാ ആക്റ്റിവിറ്റി ഗ്രൂപ്പുകൾ / വനിതാ കൂട്ടായ്മകൾ / സഹകരണ സംഘങ്ങൾ എന്നിവ അനുബന്ധം എട്ടിൽ നൽകിയിട്ടുള്ള 'എച്ച്' ഫോമിലും അപേക്ഷ ക്ഷണിച്ച്, മുപ്പത് ദിവസത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കണം. സ്വയം സഹായ ഗ്രൂപ്പുകൾ / വനിതാ ആക്റ്റിവിറ്റി ഗ്രൂപ്പുകൾ / വനിതാ കൂട്ടായ്മകൾ / സഹകരണസംഘങ്ങൾ / അല്ലെങ്കിൽ മറ്റേതെങ്കിലും ബോഡി എന്നിവയുടെ അപേക്ഷ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മാനേജിംഗ് കമ്മിറ്റിയുടെ ഉചിതമായ അംഗീകാരത്തോടെ സമർപ്പിക്കും.

(3) ഉപവകുപ്പ് (2) ൽ വ്യക്തമാക്കിയ കാലയളവിൽ ഒരു അപേക്ഷയും ലഭിച്ചില്ലെങ്കിൽ, ലൈസൻസിംഗ് അതോറിറ്റി ഒരു തരത്തിലും അപേക്ഷ സ്വീകരിക്കുന്ന കാലാവധി നീട്ടുകയില്ല, എന്നാൽ മുകളിലെ ഉപവകുപ്പ് (1) ൽ വ്യക്തമാക്കിയ രീതിയിൽ നോട്ടീസ് വീണ്ടും പ്രസിദ്ധീകരിക്കും.

(4) 27 മുതൽ 33 വരെയുള്ള വകുപ്പിന് വിധേയമായി, ലൈസൻസിംഗ് അതോറിറ്റി, അപേക്ഷകൾ പരിശോധിച്ച് ആവശ്യമായ അന്വേഷണം നടത്തിയ ശേഷം, അപേക്ഷ സ്വീകരിക്കുന്നതിന് നിയോഗിച്ച അവസാന തീയതി മുതൽ 30 ദിവസത്തിനുള്ളിൽ ലൈസൻസ് നൽകാൻ യോഗ്യതയുള്ളതായി കണ്ടെത്തിയ അപേക്ഷകനെ തിരഞ്ഞെടുക്കും.

ലൈസൻസ് നൽകുന്നതിനായി തിരഞ്ഞെടുത്ത അപേക്ഷകന് ലൈസൻസിംഗ് അതോറിറ്റി ട്രഷറി ചലാൻ വഴിയോ അല്ലെങ്കിൽ കാലാകാലങ്ങളിൽ കമ്മീഷണർ വ്യക്തമാക്കിയ രീതിയിലോ ലൈസൻസ് ഫീസായി 1000 / – രൂപ (ആയിരം രൂപ മാത്രം) 10 ദിവസത്തിനുള്ളിൽ അടയ്ക്കാൻ നോട്ടീസ് നൽകും. ലൈസൻസ് ഫീസ് അടച്ച ശേഷം ലൈസൻസിംഗ് അതോറിറ്റി അങ്ങനെ തിരഞ്ഞെടുത്ത അപേക്ഷകന് ലൈസൻസ് നൽകും. അനുബന്ധം IX ൽ നൽകിയിട്ടുള്ള 'I' ഫോമിൽ ലൈസൻസ് നൽകും.

(5) ഒരു സ്വാശ്രയ ഗ്രൂപ്പ് / വനിതാ ആക്റ്റിവിറ്റി ഗ്രൂപ്പുകൾ / വനിതാ കൂട്ടായ്മകൾ / സഹകരണ സംഘങ്ങൾ എന്നിവയ്ക്കുള്ള ന്യായ വില ഷോപ്പ് ലൈസൻസ് അതിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിൽ നൽകും, അതിന്റെ പ്രവർത്തനം അവരുടെ മാനേജിംഗ് കമ്മിറ്റി നടത്തും.(6) ഉപവകുപ്പ് (4) പ്രകാരമുള്ള ലൈസൻസ് ഇഷ്യൂ ചെയ്തതിനുശേഷം, ന്യായമായ വില ഷോപ്പ് ഉടമ ഈ ഉത്തരവിനും ലൈസൻസിൽ വ്യക്തമാക്കിയ പ്രദേശങ്ങളിൽ കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾക്കും അനുസൃതമായി ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യും.

35. **സെക്യൂരിറ്റി ഡെപ്പോസിറ്റ്** – (1) തിരഞ്ഞെടുക്കപ്പെട്ട ഓരോ അപേക്ഷകനും, ലൈസൻസ് നൽകുന്നതിനുമുമ്പ്, ട്രഷറി ചലാൻ വഴിയോ അല്ലെങ്കിൽ കാലാകാലങ്ങളിൽ കമ്മീഷൻ നിശ്ചയിക്കുന്ന രീതിയിലോ 5000/– രൂപ (അയ്യായിരം രൂപ മാത്രം) സുരക്ഷാ നിക്ഷേപമായി നിക്ഷേപിക്കണം.

കേരള റേഷനിംഗ് ഓർഡർ 1966 പ്രകാരം നിലവിലുള്ള അംഗീകൃത റീട്ടെയിൽ വിതരണക്കാർ ഉപവകുപ്പ് (1) ൽ വ്യക്തമാക്കിയ സെക്യൂരിറ്റി ഡെപ്പോസിറ്റിലെത്താൻ ബാക്കി സുരക്ഷാ തുക നൽകുകയും ക്ലോസ് 26 ലെ വ്യവസ്ഥ പ്രകാരം നൽകിയിട്ടുള്ള ലൈസൻസിനായി അപേക്ഷിക്കുകയും ചെയ്യണം.

36. **താൽക്കാലികമായി ലൈസൻസ് നൽകുക** – (1) ന്യായ വിലക്കടയ്ക്ക് ലൈസൻസ് നൽകുന്നതിൽ കാലതാമസമുണ്ടാകുകയോ അല്ലെങ്കിൽ ഒരു ന്യായ വില ഷോപ്പ് ഉടമയുടെ ലൈസൻസ് താൽക്കാലികമായി അന്വേഷണ വിധേയമായി നിർത്തിവയ്ക്കുകയോ ചെയ്താൽ, ലൈസൻസിംഗ് അതോറിറ്റി, ഒരു വ്യക്തി / സ്വയം സഹായ സംഘം / വനിതാ ആക്റ്റിവിറ്റി ഗ്രൂപ്പുകൾ / വനിതാ കൂട്ടായ്മകൾ / സഹകരണസംഘങ്ങൾ എന്നിവയ്ക്ക് മൂന്ന് മാസത്തിൽ കൂടാത്ത കാലയളവിലേക്ക് താൽക്കാലികമായി ലൈസൻസ് നൽകാം.

ഒരു പ്രത്യേക ന്യായ വില ഷോപ്പിന് തുടർച്ചയായി രണ്ട് തവണയിൽ കൂടുതൽ ഒരു വ്യക്തിക്കും താൽക്കാലികമായി ലൈസൻസ് നൽകില്ലെന്ന് വ്യവസ്ഥ ചെയ്യുന്നു

(2) താൽക്കാലികമായി ലൈസൻസ് അനുവദിച്ച വ്യക്തിക്ക് ലൈസൻസ് ലഭിച്ച കാലയളവിനപ്പുറത്തേക്ക് തുടരാൻ അവകാശമില്ല, കൂടാതെ ന്യായ വിലക്കടയുടെ ലൈസൻസ് ലഭിക്കുന്നതിന് മുൻഗണനാ ക്ലെയിമുകളും ഉണ്ടാകില്ല.

(3) താൽക്കാലികമായി ലൈസൻസ് ലഭിക്കുന്നതിനുള്ള അപേക്ഷ ലൈസൻസിംഗ് അതോറിറ്റിക്ക് ഫോം 'ജി' അല്ലെങ്കിൽ ഫോം 'എച്ച്' എന്നിവയിൽ നൽകിയിട്ടുള്ള ഫോമിൽ സമർപ്പിക്കേണ്ടതാണ്.

(4) ട്രഷറി ചലൻ വഴിയോ അല്ലെങ്കിൽ കാലാകാലങ്ങളിൽ കമ്മീഷണർ വ്യക്തമാക്കിയ രീതിയിലോ 1000/- രൂപ (ആയിരം രൂപ മാത്രം) ഫീസ് അടച്ചതിനുശേഷം ലൈസൻസ് താൽക്കാലികമായി നൽകും.

(5) താൽക്കാലിക ലൈസൻസി, താൽക്കാലിക ലൈസൻസ് നൽകുന്നതിനുമുമ്പ്, ട്രഷറി ചലാൻ വഴിയോ അല്ലെങ്കിൽ കാലാകാലങ്ങളിൽ കമ്മീഷണർ വ്യക്തമാക്കിയ രീതിയിലോ 5000/- രൂപ (അയ്യായിരം രൂപ മാത്രം) സുരക്ഷാ നിക്ഷേപമായി നിക്ഷേപിക്കേണ്ടതും താൽക്കാലിക ലൈസൻസ് നൽകിയ തീയതി മുതൽ ഒരു മാസത്തിനുള്ളിൽ ലൈസൻസിംഗ് അതോറിറ്റിയുടെ പേരിൽ കൃത്യമായി പണയം വച്ച ട്രഷറി ഫിക്സഡ് ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റിന്റെ രൂപത്തിൽ 50,000/- (രൂപ അമ്പതിനായിരം മാത്രം). സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്.

37. **നാമനിർദ്ദേശം / അനുകമ്പാർഹം** -

(1) 1966 ലെ കേരള റേഷനിംഗ് ഓർഡറിനു കീഴിലുള്ള നിലവിലുള്ള26-ാം വകുപ്പ് പ്രകാരം ലൈസൻസ് ലഭിച്ച അംഗീകൃത റീട്ടെയിൽ വിതരണക്കാർക്ക്, വാർദ്ധക്യം അല്ലെങ്കിൽ അസുഖം, മരണപ്പെടൽ എന്നിവ കാരണം അല്ലെങ്കിൽ റേഷൻ ബിസിനസ്സ് നടത്താൻ അദ്ദേഹത്തിന് കഴിവില്ലെങ്കിൽ, വില്ലേജ് ഓഫീസർ നൽകിയ ഫാമിലി മെംബർഷിപ്പ് സർട്ടിഫിക്കറ്റ് ഹാജരാക്കി അയാളുടെ / അവളുടെ കുടുംബാംഗത്തെ അത്തരം ന്യായ വിലക്കടയുടെ അടുത്ത ലൈസൻസിയായി നാമനിർദ്ദേശം ചെയ്യാം. നാമനിർദ്ദേശത്തോടൊപ്പം നോമിനിയുടെ സന്നദ്ധതയും ഹാജരാക്കപ്പെടും. അനുബന്ധം X- ൽ നൽകിയിരിക്കുന്ന 'J' രൂപത്തിലാണ് നാമനിർദ്ദേശം നടത്തുക.

(2) വാർദ്ധക്യം അല്ലെങ്കിൽ അസുഖം കാരണം റേഷൻ ബിസിനസ്സ് നടത്താൻ ഒരാൾക്ക് കഴിയുന്നില്ലെങ്കിൽ നാമനിർദ്ദേശം നടത്തുകയാണെങ്കിൽ, കുടുംബ അംഗത്വ സർട്ടിഫിക്കറ്റ് പരിശോധിച്ചതിന് ശേഷം ലൈസൻസിംഗ് അതോറിറ്റിയും ഇക്കാര്യത്തിൽ രജിസ്റ്റർ ചെയ്ത മെഡിക്കൽ പ്രാക്ടീഷണറുടെ മെഡിക്കൽ സർട്ടിഫിക്കറ്റും ആവശ്യമായ അന്വേഷണം നടത്തിയ ശേഷം, സാമ്പത്തിക സ്ഥിരതയുടെ തെളിവ് ഹാജരാക്കണമെന്ന് നിർബന്ധിക്കാതെ നോമിനിക്ക് താൽക്കാലികമായി ലൈസൻസ് നൽകാം. യഥാർത്ഥ ലൈസൻസിയുടെ ജീവിതകാലത്ത് അത്തരം ലൈസൻസ് സ്ഥിരമാക്കില്ല.

(3) ഒരാളുടെ മരണം സംഭവിക്കുകയാണെങ്കിൽ നാമനിർദ്ദേശം നടത്തുകയാണെങ്കിൽ, സാമ്പത്തിക സ്ഥിരത, നിയമപരമായ അവകാശ സർട്ടിഫിക്കറ്റ് തുടങ്ങിയവയുടെ തെളിവ് ഹാജരാക്കണമെന്ന് നിർബന്ധിക്കാതെ, ന്യായ വിലക്കട ഉടമയുടെ മരണത്തെത്തുടർന്ന്,

നോമിനിയ്ക്ക് താൽക്കാലികമായി ലൈസൻസ് നൽകും. 32-ാം വകുപ്പിന്റെ ഉപവകുപ്പ് (2) പ്രകാരം മൂന്ന് മാസത്തിനുള്ളിൽ നൽകിയിട്ടുള്ള സോൾവൻസി സർട്ടിഫിക്കറ്റ് വഴി സാമ്പത്തിക സ്ഥിരത തെളിയിക്കുന്നതിനുള്ള തെളിവുകൾ, ആറുമാസത്തിനുള്ളിൽ ബന്ധപ്പെട്ട അതോറിറ്റി നൽകുന്ന നിയമപരമായ അവകാശ സർട്ടിഫിക്കറ്റ് എന്നിവയിലൂടെ മാത്രമേ അത്തരം ലൈസൻസ് ശാശ്വതമാകൂ. 28, 29, 31 എന്നീ വകുപ്പുകളിൽ വ്യക്തമാക്കിയ യോഗ്യതാ നിബന്ധനകൾ പൂർത്തിയാക്കുന്നതിന്, ആവശ്യമായ അന്വേഷണം നടത്തിയ ശേഷം, ലൈസൻസിംഗ് അതോറിറ്റി ആവശ്യമെന്ന് തോന്നിയേക്കാം. അത്തരം കാലയളവിനുള്ളിൽ സോൾവെൻസി സർട്ടിഫിക്കറ്റും നിയമപരമായ അവകാശി സർട്ടിഫിക്കറ്റും നൽകുന്നതിന് നോമിനി പരാജയപ്പെട്ടാൽ, താൽക്കാലിക ലൈസൻസ് ലൈസൻസിംഗ് അതോറിറ്റി റദ്ദാക്കും.

4,5,6

38. ലൈസൻസ് കാലാവധി.- ഈ ഓർഡർ പ്രകാരം നൽകിയിട്ടുള്ള എല്ലാ ലൈസൻസുകളും നേരത്തെ റദ്ദാക്കിയില്ലെങ്കിൽ, രണ്ട് വർഷത്തേക്കോ അതിന്റെ ഭാഗത്തേക്കോ സാധുതയുള്ളതും തുടർന്നുള്ള രണ്ടാം വർഷത്തിന്റെ മാർച്ച് 31 ന് കാലഹരണപ്പെടുന്നതുമാണ്:
വിശദീകരണം: – 'വർഷം' എന്നാൽ ഏപ്രിൽ 1-ന് ആരംഭിച്ച് അടുത്ത വർഷം മാർച്ച് 31-ന് അവസാനിക്കുന്ന സാമ്പത്തിക വർഷം.

39. ലൈസൻസ് പുതുക്കൽ: – (1) ലൈസൻസ് പുതുക്കുന്നതിനുള്ള എല്ലാ അപേക്ഷകളും ലൈസൻസിംഗ് അതോറിറ്റിക്ക് മുമ്പിൽ ലൈസൻസിന്റെ ഒറിജിനൽ പകർപ്പിനൊപ്പം ലൈസൻസ് കാലഹരണപ്പെടുന്ന തീയതിക്ക് കുറഞ്ഞത് നാൽപത്തിയഞ്ച് ദിവസമെങ്കിലും മുമ്പായി സമർപ്പിക്കേണ്ടതാണ്. ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ അനുബന്ധം XI ൽ നൽകിയിട്ടുള്ള ഫോറം 'കെ' യിലാണ് നൽകേണ്ടത്, കൂടാതെ ലൈസൻസ് പുതുക്കുന്നതിനുള്ള ഫീസായ 500 / – രൂപ (അഞ്ഞൂറ് രൂപ മാത്രം) ട്രഷറി ചലൻ വഴിയോ അല്ലെങ്കിൽ കാലാകാലങ്ങളിൽ സിവിൽ സപ്ലൈസ് കമ്മീഷണർ നിർദേശിക്കുന്ന രീതിയിലോ അടവുരുത്തേണ്ടതാണ്.
(2) ലൈസൻസ് കാലഹരണപ്പെടുന്ന തീയതിക്ക് മുമ്പായി ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷയിൻമേൽ ലൈസൻസിംഗ് അതോറിറ്റി തീർപ്പ് കൽപ്പിക്കേണ്ടതാണ്:

ഒരു ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ നിർദ്ദിഷ്ട കാലയളവിനുള്ളിൽ ലൈസൻസിംഗ് അതോറിറ്റിക്ക് ലഭിച്ചിട്ടും, ഈ അപേക്ഷ നിരസിക്കുകയോ അപേക്ഷകന് തിരികെ നൽകാതിരിക്കുകയോ ചെയ്താൽ, അപേക്ഷ തീർപ്പാക്കുന്നതുവരെ ലൈസൻസിന്റെ സാധുത കാലഹരണപ്പെട്ടതായി കണക്കാക്കില്ല.

(3) ഈ ഉത്തരവ് പ്രാബല്യത്തിൽ വന്നതിനുശേഷം അനുവദിച്ച പുതിയ ലൈസൻസുകളൊന്നും ലൈസൻസിക്ക് 62 വയസ്സ് തികഞ്ഞുകഴിഞ്ഞാൽ പുതുക്കി നൽകുന്നതല്ല.

(4) റേഷൻ കട ഉടമ ലൈസൻസിന്റെ കാലാവധി അവസാനിക്കുന്നതിനുമുമ്പ് ലൈസൻസ് സറണ്ടർ ചെയ്യുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അയാൾക്ക് ലൈസൻസിംഗ് അതോറിറ്റിക്ക് ഒരു മാസം മുൻപേ മുൻകൂർ അപേക്ഷ നൽകേണ്ടതും ലൈസൻസിംഗ് അതോറിറ്റിയുടെ രേഖാമൂലം അനുമതി വാങ്ങിയ ശേഷം ലൈസൻസ് സറണ്ടർ ചെയ്യാവുന്നതാണ്.

40. ലൈസൻസ് റദ്ദാക്കാനോ നിരസിക്കാനോ ഉള്ള അധികാരം. – ലൈസൻസിംഗ് അതോറിറ്റി ഏതെങ്കിലും ലൈസൻസ് റദ്ദാക്കുകയോ നിരസിക്കുകയോ ചെയ്യാവുന്നതാണ്,

(എ) ഗുണഭോക്താക്കൾക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിൽ റേഷൻ കട ഉടമയുടെ പ്രകടനം തൃപ്തികരമല്ലെന്ന് കണ്ടെത്തിയാൽ;

(ബി) റേഷൻ കട ഉടമ ആക്ടിന്റെയോ ഭക്ഷ്യസുരക്ഷാ നിയമത്തിന്റെയോ ഏതെങ്കിലും വ്യവസ്ഥകൾ അല്ലെങ്കിൽ ലൈസൻസിന്റെ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിരുദ്ധമായി പ്രവർത്തിച്ചാൽ

41. ലൈസൻസിന്റെ തനിപ്പകർപ്പ്. – ഒരു ലൈസൻസ് വളച്ചൊടിക്കുകയോ നഷ്ടപ്പെടുകയോ നശിപ്പിക്കുകയോ ചെയ്താൽ, നോട്ടറി സാക്ഷ്യപ്പെടുത്തിയ അപേക്ഷ സഹിതം വിവരം റേഷൻ കട ഉടമ ഉടൻ തന്നെ ലൈസൻസിംഗ് അതോറിറ്റിയെ അറിയിക്കേണ്ടതാണ്. ലൈസൻസിംഗ് ഫീസിന്റെ ഇരട്ടി തുക ട്രഷറി ചലാൻ വഴിയോ, കാലാകാലങ്ങളിൽ സിവിൽ സപ്ലൈസ് കമ്മീഷണർ നിർദേശിക്കുന്ന രീതിയിലോ അടവുവരുത്തി പകപ്പ് ഹാജരാക്കേണ്ടതാണ്. ആവശ്യമായ അന്വേഷണത്തിന് ശേഷം ലൈസൻസിന്റെ ഒരു തനിപ്പകർപ്പ് ലൈസൻസിംഗ് അതോറിറ്റി നൽകേണ്ടതാണ്.

42. റേഷൻകട ഉടമയുടെ കടമകളും ഉത്തരവാദിത്തങ്ങളും .–

(1) റേഷൻകട ഉടമ, –

(i) ഗുണഭോക്താക്കൾക്ക് മാസാമാസം നിശ്ചയിച്ച് നൽകുന്ന അളവിലുള്ള ഭക്ഷ്യധാന്യങ്ങൾ, റേഷൻകാർഡ് ഹാജരാക്കുന്ന മുറയ്ക്ക് അനുവദിച്ച് നൽകുക

(ii) കാലാകാലങ്ങളിൽ കമ്മീഷണർ നിഷ്കർഷിക്കുന്ന മാതൃകയിൽ റേഷൻ കാഡിന്റെ നമ്പർ, റേഷൻ കാർഡ് ഉടമയുടെ പേര്, മറ്റ് വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടുള്ള ക്യാഷ് ബില്ലുകൾ ഗുണഭോക്താക്കൾക്ക് നൽകുക. ഗതാഗത നിരക്കുകൾ, കൈകാര്യം ചെയ്യൽ ചാർജുകൾ, മറ്റേതെങ്കിലും ചാർജുകൾ എന്നിവ റേഷൻ കാർഡ് ഉടമകളിൽ നിന്നോ പെർമിറ്റ് ഹോൾഡർമാരിൽ നിന്നോ റേഷൻകട ഉടമകൾ ഈടാക്കുവാൻ പാടുള്ളതല്ല.

(iii) റേഷൻ കാർഡ് ഉടമകളോട് സൗഹാർദ്ദപരമായും മര്യാദയോടെയും പെരുമാറുക;

(iv) ലീഗൽ മെട്രോളജി ആക്റ്റ്, 2009 (2009 ലെ സെൻട്രൽ ആക്ട് 1) ലെ വ്യവസ്ഥകൾക്കനുസൃതമായി ശരിയായി പരിശോധിച്ച ഇലക്ട്രോണിക് വെയ്റ്റിംഗ് മെഷീനുകൾ പരിപാലിക്കുക, കൂടാതെ റേഷൻ കടയിൽ പരിശോധനാ സർട്ടിഫിക്കറ്റ് സൂക്ഷിക്കുക;

(v) ലക്ഷ്യമിട്ട പൊതുവിതരണ സംവിധാനം നടപ്പിലാക്കുന്നതിനായി ജില്ലാ കളക്ടർ അല്ലെങ്കിൽ സിവിൽ സപ്ലൈസ് വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർ അല്ലെങ്കിൽ ഭക്ഷ്യസുരക്ഷാ നിയമപ്രകാരം മറ്റേതെങ്കിലും അതോറിറ്റി സമയാസമയങ്ങളിൽ നൽകുന്ന എല്ലാ നിർദ്ദേശങ്ങളും പാലിക്കുക;

(vi) ലൈസൻസിൽ വ്യക്തമാക്കിയ സ്ഥലത്ത് മാത്രം ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുകയും വിൽക്കുകയും ചെയ്യുക;

(vii) വകുപ്പ് 44 ൽ വ്യക്തമാക്കിയ പ്രവർത്തന കാലയളവ് അനുസരിച്ച് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുക;

(viii) റേഷൻ കടയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള റേഷൻ കാർഡുടമകളുടെ വിവരങ്ങൾ കമ്മീഷണർ നിർദേശിച്ചിട്ടുള്ള മാതൃകയിൽ, അനുബന്ധം XII ൽ നൽകിയിട്ടുള്ള ഫോറം 'എൽ' തയ്യാറാക്കി താലൂക്ക് സപ്ലൈ ഓഫീസർക്ക് തയാറാക്കി സമർപ്പിക്കേണ്ടതാണ്, രജിസ്റ്റർ ചെയ്ത റേഷൻ കാർഡുടമകളുടെ എണ്ണം, പേര്, വിലാസം അനുവദിച്ച ഭക്ഷ്യധാന്യങ്ങളുടെ അളവ് എന്നിവ ഉൾപ്പെടുത്തേണ്ടതാണ്. റേഷൻ പെർമിറ്റുകൾക്ക് അനുവദിച്ച അളവും പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. താലൂക്ക് സപ്ലൈ ഓഫീസർ, രജിസ്റ്ററിലെ എൻട്രികൾ പരിശോധിച്ച് ആരംഭിച്ച ശേഷം, രജിസ്റ്ററിന്റെ ഒരു പകർപ്പ് റേഷൻകട ഉടമയ്ക്ക് തിരികെ നൽകേണ്ടതാണ്.

(ix) റേഷൻ കടയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള റേഷൻ കാർഡ് / പെർമിറ്റ് എന്നിവയുടെ എണ്ണത്തിൽ എന്തെങ്കിലും മാറ്റം വരുകയാണെങ്കിൽ റേഷൻകട ഉടമ രജിസ്റ്റർ താലൂക്ക് സപ്ലൈ ഓഫീസർക്ക് സമർപ്പിച്ച് സാക്ഷ്യപ്പെടുത്തി വാങ്ങേണ്ടതാണ്.

(x) റേഷൻ കടയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊത്തം റേഷൻ കാർഡുകളുടെയും പെർമിറ്റുകളുടെയും എണ്ണം അനുവദിച്ച തനിപ്പകർപ്പിലെ ഇൻഡന്റ്, അനുവദിച്ച അളവും പ്രതിമാസ ആവശ്യകത, മുൻ മാസത്തെ വിൽപ്പന, തുടർന്നുള്ള മാസത്തിന്റെ അളവ്, ആവശ്യകത എന്നിവ കമ്മീഷണർ തീരുമാനിച്ച പ്രകാരം എല്ലാ മാസത്തിലെയും ഒന്നാം പ്രവൃത്തി ദിവസത്തിലോ മറ്റേതെങ്കിലും ദിവസത്തിലോ താലൂക്ക് സപ്ലൈ ഓഫീസർക്ക് സമർപ്പിക്കുക

(xi) അനുബന്ധം XIII ൽ നൽകിയിട്ടുള്ള ഫോറം 'M-1, M-2' എന്നിവയിൽ ഓരോ ഭക്ഷ്യധാന്യങ്ങളുടെയും ദൈനംദിനം അക്കൗണ്ടുകൾ പുസ്തകങ്ങളിലോ കമ്മീഷണർ തീരുമാനിച്ച ഇലക്ട്രോണിക് രൂപത്തിലോ സൂക്ഷിക്കുക. ഓരോ ന്യായമായ വില ഷോപ്പ് ഉടമയും മേൽപ്പറഞ്ഞ അക്കൗണ്ടുകൾ മൂന്നുവർഷത്തേക്ക് സൂക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യണം, കൂടാതെ അത്തരം കാലയളവിലേക്കോ ഏതെങ്കിലും ഭാഗത്തിലേക്കോ അക്കൗണ്ടുകൾ ജില്ലാ കളക്ടർ അല്ലെങ്കിൽ സിവിൽ സപ്ലൈസ് വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്ന മുറയ്ക്ക് ഹാജരാക്കേണ്ടതാണ്.

(xii) റേഷൻകടയുടെ പരിസരം എല്ലായ്പ്പോഴും ശുചിത്വമുള്ളതായി നിലനിർത്തുക, സ്റ്റോക്ക് ഫസ്റ്റ് ഇൻ ഫസ്റ്റ് ഔട്ട് രീതിയിൽ വിതരണം ചെയ്യുക

